# മലയാളത്തിനും മലയാളിക്കും



കൊണ്ടു നടന്നു ധാരണ തിരുത്താനൊന്നും ഞാൻ തയ്യാറല്ല. എന്നെങ്കിലുമൊരിക്കൽ അതു ശരിക്കു മനസ്സിലാക്കുന്ന പത്തുപേരെങ്കിലും ഉണ്ടാവും എന്നെനിക്കുറപ്പുണ്ട്. എന്റെ എല്ലാ കവിതകളുടെയും പിന്നിലെ മൗലികഭാവം ഒന്നാണ്. ചിലർ പറയും ഇയാൾ ഇത്രാം തീയതി വരെ എഴുതിയത് മാർക്സിസ്റ്റു കവിതകൾ; ഇന്ന തീയതി മുതൽ ആന്റി കമ്യൂണിസ്റ്റ് കവിതകൾ എന്നൊക്കെ. നിസ്വവർഗത്തോടൊപ്പം നില്ക്കുക എന്ന നിലപാടാണ് ഞാൻ ആദ്യം മുതൽ സ്വീകരിച്ചത്. അതു മാറും എന്നു തോന്നുന്നില്ല. എനിക്കതു സാധിക്കുകയുമില്ല.

*മരണം പേടിപ്പെടുത്തുന്ന ഒരനുഭവമാണോ? താങ്കളുടെ ഒട്ടേറെക്കവിതകളിൽ മരണ കടന്നുവരുന്നു. എന്താണു കാരണം?*

✽മരണത്തെ സംബന്ധിച്ച് ആദ്യം എന്നെ ആകർഷിച്ചത് നെഹ്റു പലപ്പോഴും ഉദ്ധരിക്കാറുള്ള ഷേക്സ്പിയറുടെ സമീപനമാണെന്നു തോന്നുന്നു. ധീരന്മാർ ഒരിക്കലേ മരിക്കുന്നുള്ളു, ഭീരുക്കൾ പല തവണ മരിക്കുന്നു എന്നിങ്ങനെ. പക്ഷേ അതനിവാര്യമാണ്. കുമാരനാശാൻ പറയുന്നതുപോലെ, ജീവിതത്തിന്റെ 'വിരാമതിലക'മാണു മരണം. എങ്കിലും ഈ ഭൂമിയെ വിട്ടുപിരിഞ്ഞു പോകാൻ മനസ്സില്ല എന്ന ചിന്ത എന്റെ ചില കവിതകളിലുണ്ട്. വള്ളത്തോളിന്റെയും മറ്റും സ്വാധീനം അതിൽ കാണും. പിന്നെ പ്രിയപ്പെട്ടവരിൽ ചിലരുടെ മരണം ഉളവാക്കുന്ന അനുഭവം. ഈ മുറിയിലൊക്കെ വന്നിരുന്നു മണിക്കൂറോളം സംസാരിച്ചിരുന്നവർ ഇനിയിങ്ങു കയറിവരില്ലല്ലോ എന്നോർക്കുമ്പോൾ ഒരു വല്ലാത്ത അസ്വസ്ഥത. മുണ്ടശ്ശേരി മാസ്റ്റർ, പി. കുഞ്ഞിരാമൻ നായർ, വൈലോപ്പിള്ളി, എസ്. കെ. പൊറ്റെക്കാട്ട്, ഉറൂബ്-ഇവരൊക്കെ ഇനി മടങ്ങിവരില്ലല്ലോ. ഇവരൊക്കെ എവിടെപ്പോയി? അതാലോചിക്കുമ്പോൾ മനസ്സിലൊരു വിഷമം. ഒരു നഷ്ടബോധം. അനിവാര്യമായ ഒരു ദുരന്തബോധം. ഇതു കവിതകളിൽ പ്രതിഫലിക്കാതിരിക്കില്ലല്ലോ.

*സ്വന്തം കവിതകളിലൂടെ മരണത്തെ അതിവർത്തിക്കാൻ കഴിയും എന്നു വിശ്വസിക്കുന്നുണ്ടോ?*

✽നമ്മുടെ കഴിവുപോലെ ചിലത് ചെയ്തു വയ്ക്കുക-അതാണ് പ്രധാനം. നിലനില്ക്കുമോ എന്നതല്ല. എന്നാലും, മുത്തശ്ശി പറഞ്ഞതുപോലെ, 'നിന്നിലെ ഉപ്പായിരിക്കുമേ മുത്തശ്ശി'യെന്ന്. ഇതൊരു തരം നിലനില്പാണ്. ഇങ്ങനെ നിലനില്ക്കണം താനും. അതിനു നമ്മുടെ ലാവണ്യസാരമായ ചിലതിവിടെ ഇട്ടിട്ടുപോവുക. കൊഴിഞ്ഞുകിടക്കുന്ന ഒരു തൂവലു കണ്ടാൽ ഒരു പക്ഷി ഇതിലേ പറന്നു പോയി എന്നു നമുക്കറിയാൻ കഴിയുമല്ലോ. ഏതിനത്തിൽപെട്ട പക്ഷിയെന്നും അറിയാം. അങ്ങനെ ഒരു തൂവൽ അവശേഷിപ്പിച്ചിട്ടു പോകണം എന്നു കവി ആഗ്രഹിക്കുന്നു. മറ്റുള്ളവർ അതു കാണുമ്പോൾ തിരിച്ചറിയണം.

*ഇതു പൊതുവേ കലാകാരന്മാരുടെ ഒരഭിലാഷമാണല്ലോ?*

✽എന്നും പറയാം. ഇതൊക്കെ ഒരുതരം ഭയം കുടഞ്ഞുകളയലാണ്. മരണത്തെ ഞാൻ അതിജീവിക്കും, പരാജയപ്പെടുത്തും എന്നൊക്കെ പറയുമ്പോൾ ആ ഭയം കുടഞ്ഞുകളയാൻ ശ്രമിക്കുക മാത്രമാണ്. മരണം അഹങ്കാരിയാണെന്നറിഞ്ഞുകൊണ്ടാണ് 'മരണമേ, അഹങ്കരിക്കാതിരിക്കൂ' എന്നു പറയുന്നത്. എങ്കിലും ഒന്നു ഞാൻ പറയാം: എനിക്കു മരണത്തെ ഭയമൊന്നുമില്ല. അനിവാര്യമാണല്ലോ എന്നൊരു ചിന്ത മാത്രം.

*കുമാരനാശാനുശേഷം അനുക്രമം വളർച്ച പ്രകടിപ്പിച്ചിട്ടുള്ള ഒരു കവി താങ്കൾ മാത്രമാണ്. ഇന്നും അതു തുടർന്നുകൊണ്ടേയിരിക്കുന്നു. ഈ വസ്തുത ഒന്നു സ്വയം അപഗ്രഥിക്കാമോ?*

✽ഞാൻ മാത്രമല്ല, വൈലോപ്പിള്ളിയും ഇതുപോലെ വളർന്നുകൊണ്ടിരുന്ന കവിയാണ്. ഇതിന് എന്റെ വിശദീകരണം ചോദിക്കുന്നതു ശരിയല്ല. ആശാൻ, വള്ളത്തോൾ, പി, ഇടശ്ശേരി തുടങ്ങിയവരൊക്കെ എനിക്കാദരമുള്ള വലിയ കവികളാണ്. അവരുമായി സ്വയം താരതമ്യപ്പെടുത്താൻ ശ്രമിക്കുന്നതു സാഹസമല്ലേ? അവരെപ്പോലെ വലിയ സംഭാവനകൾ നല്കിയിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നുമില്ല.

*പല വിദേശ കവികളും താങ്കളെ ആകർഷിക്കുകയും സ്വാധീനിക്കുകയും ചെയ്തുവെന്ന് വെളിപ്പെടുത്തിയിട്ടുണ്ടല്ലോ. ഏതെങ്കിലും മലയാള കവി താങ്കളെ സ്വാധീനിച്ചിട്ടുണ്ടോ?*

✽വൈലോപ്പിള്ളി. ഞാൻ അദ്ദേഹത്തിന്റെ അനുകർത്താവാണെന്നല്ല. ആ വ്യക്തിത്വം വളരെ ആദരവോടെ നോക്കിക്കാണാൻ പ്രേരിപ്പിച്ചിട്ടുണ്ട്. ചങ്ങമ്പുഴയും അദ്ദേഹവും ഏതാണ്ടൊരേ കാലത്തു ജനിച്ചവരാണ്. എന്നാൽ, ചങ്ങമ്പുഴ ഇവിടെ വലിയ ശബ്ദകോലാഹലം സൃഷ്ടിക്കുമ്പോഴും അതിൽ നിന്നൊക്കെ ഒഴിഞ്ഞുനിന്നു തന്റേതു മാത്രമായ സ്വരത്തിൽ പാടിക്കൊണ്ട് ഒരരികിലൂടെ നടന്നുവന്ന് സ്വന്തമായ ആരാധകവലയം സൃഷ്ടിച്ചെടുത്ത കവിയാണദ്ദേഹം.

*താങ്കളിലെ കവിത്വത്തെ വിളിച്ചുണർത്തിയ കവി എന്ന് ഏതെങ്കിലും കവിയെ അനുസ്മരിക്കാനുണ്ടോ?*

✽പറയാം. ബാല്യം മുതലേ എന്റെ ഹൃദയത്തിന് വെളിച്ചമായും ശക്തിയായും കൂട്ടിനുണ്ടായിരുന്ന കവിയാണ് എഴുത്തച്ഛൻ. രാമായണവും ഭാരതവും നിരന്തരം ഉരുവിട്ടുരുവിട്ടുപോന്നവയാണല്ലോ. പിന്നെ കുമാരനാശാൻ. എന്റെ ഹൃദയം അന്വേഷിച്ചു കൊണ്ടിരുന്ന ഏതോ ഒരംശത്തിന്റെ കുറവു പരിഹരിച്ചു തന്നത് അദ്ദേഹമാണ്. ആ ആന്തരഗൗരവം എന്റെ ഹൃദയത്തെ വിശാലവും സമ്പന്നവുമാക്കി. പിന്നെ മാസ്മരമായ ഒരു സ്വാധീനം ഉളവാക്കിയത് ചങ്ങമ്പുഴയാണ്. മധുരകോമളകാന്തപദാവലിയോട് ആർക്കും ആദ്യഘട്ടത്തിൽ തോന്നാവുന്ന ഒരഭിമുഖ്യമുണ്ടല്ലോ, അതെനിക്കും തോന്നി. ആദ്യകാലകവിതകളിൽ ആ സ്വാധീനം പ്രകടമാണ്. പിന്നെപ്പിന്നെ ബോധപൂർവം ഞാനാ സ്വാധീനത്തിൽ നിന്നു മോചനം നേടി. മധുരത്തിന്റെ കാര്യംപോലെയാണ്. കുട്ടിക്കാലത്തു മധുരം സർവപ്രധാനമാണല്ലോ. പിന്നെ 'സ്വീറ്റ് കില്ലർ' എന്നു മനസ്സിലാക്കുമ്പോൾ അതിന്റെ സ്ഥാനം പരിമിതമാകും. ഏതാണ്ടതുപോലെ തന്നെ. പിന്നെ എന്നെ വളരെ ആകർഷിച്ച കവി വൈലോപ്പിള്ളിയാണ്. എന്റെ ചെറിയ പരിചയം വച്ചു പറഞ്ഞാൽ അത്ര ശക്തനായ കവി ഭാരതീയ ഭാഷകളിൽതന്നെ ചുരുക്കമാണ്. ആ ഒതുക്കവും ശില്പഭംഗിയും ഭാവഗൗരവവും ഏറെ ശ്രദ്ധേയമാണ്, ആദരണീയമാണ്.

പിന്നെ പ്രധാനപ്പെട്ട കാര്യം, എല്ലാ സ്വാധീനങ്ങളെയും സ്വാധീനങ്ങളായി മാത്രം നിർത്തിക്കൊണ്ട് ഞാൻ എന്റെ സ്വന്തം ശബ്ദം കേൾപ്പിക്കാനാണ് ശ്രമിക്കുന്നത് എന്നതാണ്.

*ഭാവഗീതങ്ങൾ കൊണ്ട് മാത്രം ഒരു കവിയുടെ യശസ്സു ശാശ്വതമാകുമെന്നു വിശ്വസിക്കുന്നുണ്ടോ? ആദ്യകാലത്തു ചില കഥാകാവ്യങ്ങൾ എഴുതിയിരുന്നല്ലോ. ഖണ്ഡകാവ്യങ്ങളോ മറ്റോ എഴുതാൻ പദ്ധതിയുണ്ടോ?*

✽അങ്ങനെ പ്രഖ്യാപിക്കാനൊന്നും തയ്യാറില്ല. ഭാവഗീതങ്ങൾക്ക് അവയുടേതായ പരിമിതിയുണ്ട്. പക്ഷേ, അവയ്ക്കു സൃഷ്ടിക്കാൻ കഴിഞ്ഞ ഒരു സംസ്കാരവുമുണ്ട്. ചില കഥാകാവ്യങ്ങൾ മനസ്സിലുണ്ട്. എഴുതപ്പെടുമോ എന്നുറപ്പില്ല. എഴുതിയിടത്തോളം കൊണ്ടു ഞാൻ തൃപ്തനാണെന്നു പറയാൻ വയ്യ. എന്റെ 'മാസ്റ്റർ വർക്ക്' ഇനിയും വരാനിരിക്കുന്നതേയുള്ളു എന്ന അസ്വസ്ഥത ഞാൻ ഉള്ളിൽ പേറുന്നുണ്ട്.

*എന്തുകൊണ്ട്, ബോധപൂർവം അത്തരം രചനകൾ പൂർത്തിയാക്കാൻ ശ്രമിച്ചുകൂടാ?*

✽അതൊന്നുമല്ല പ്രശ്നം. ഒരു കവി അയാളുടെ വ്യാപ്തി മനസ്സിലാക്കുകയെന്നു പറഞ്ഞാൽ അയാളുടെ പരിമിതി മനസ്സിലാക്കുക എന്നുകൂടിയാണർത്ഥം. തനിക്കെത്രത്തോളം പറന്നെത്താൻ കഴിയും എന്നറിയുക. ഭാവഗീതങ്ങൾപോലെ സുഗമമായി ഇതിഹാസമെഴുതാൻ കഴിഞ്ഞെന്നുവരില്ലല്ലോ. ഒരു നല്ല ഭാവഗീതികാരനു നാടകകൃത്താവാൻ കഴിഞ്ഞെന്നു വരില്ല; മറിച്ചും. ഒരു കവി അയാളുടെ സഹജമായ ഭാവം മനസ്സിലാക്കണം. എന്റെ കവിതകളിൽ അധികവും ലിറിക്കലാണ്. പിന്ന കുറച്ചു നറേറ്റീവ് ടൈപ്പും ബാലഡ് ടൈപ്പും ഉണ്ട്. 'ദാവീദിനൊരു ഗീതം' ഓഡ് മാതിരി എഴുതിയതാണ്. പൂർണമായും ഓഡ് അല്ല. എന്നു കരുതി കഥാകാവ്യവുമല്ല. ജീവിതത്തിലെ ചില അനുഭവങ്ങൾ, കവിതയ്ക്കുവേണ്ടി വിശേഷിച്ച് ഒരു വാക്കും ഉപയോഗിക്കാതെ, സത്യത്തിന്റെ ശുഷ്കഭാഷയിൽ ആവിഷ്കരിക്കുക-അതിലാണെനിക്കു താത്പര്യം. ഉദാഹരണം 'പാളങ്ങൾ', 'കൊച്ചുദുഃഖം' തുടങ്ങിയവ. ഇവയിലൊന്നും ഒരു കലർപ്പുമില്ല. നടന്നത് അപ്പാടെ ആവിഷ്കരിച്ചിരിക്കുകയാണ്. വായനക്കാരന് അതിനോടുള്ള പ്രതിസ്പന്ദമാണ് അതിനെ കവിതയാക്കുന്നത്. കാരണം, വളരെയധികം തീവ്രതയോടെ ഞാനനുഭവിച്ച ഒന്നിനെ കവിതയാക്കുകയാണ്. സ്വയമേവ വന്ന വാക്കുകളല്ലാതെ ബോധപൂർവം ഒരു വാക്കും തെരഞ്ഞെടുക്കുന്നില്ല.

*ഒന്നോ രണ്ടോ ഉദാഹരണങ്ങൾ കൊണ്ടു വിശദീകരിക്കാമോ?*

✽ഒരിക്കൽ ഒരു സ്നേഹിതന്റെ വീട്ടിൽ അത്താഴം കഴിക്കുകയായിരുന്നു. അയാളുടെ മകൾ ഒരു കൊച്ചുപാട്ട്-ഒരു നഴ്സറി റൈം- പാടി. 'ഞാൻ ആരുടെയും കുട്ടിയല്ല, എനിക്ക് ഊഞ്ഞാലില്ല, അമ്മയില്ല"...എന്നർത്ഥം വരുന്നത്. എല്ലാവരും ഉറങ്ങാൻ കിടന്നു. എനിക്കുറക്കം വരുന്നില്ല. ആ രാത്രിയുടെ നിറഞ്ഞ ഏകാന്തതയിൽ എന്റെ മുമ്പിൽ ഒരു കൊച്ചുകുട്ടി. എവിടെനിന്നോ വന്ന കുട്ടി. ഈ നഗരത്തിലെയാവാം. ഏതു രാജ്യത്തെയുമാവാം. ഒരു ആദിവാസിക്കുട്ടിയാവാം. ഞാനാവാം. നിങ്ങളാകാം. ഈ അസ്വാസ്ഥ്യത്തിൽ നിന്നാണ് 'വിരുന്ന്' എന്ന കവിത രൂപം കൊണ്ടത്.

'ഉപ്പ്' എന്ന കവിത. എന്റെ മുത്തശ്ശിയിൽ നിന്നുള്ള ഒരനുഭവമാണ്. മുത്തശ്ശി വളരെ സുന്ദരിയായിരുന്നു. നീണ്ടുതൂങ്ങിക്കിടക്കുന്ന കാതുകളും മറ്റും. ഒരിക്കൽ കഞ്ഞിയിൽ ഉപ്പൊഴിച്ച് തന്നിട്ടു ചോദിച്ചു: "എങ്ങുപോയി ഉപ്പ്?" ഞാൻ ഇളക്കി നോക്കി. കാണുന്നില്ല. "എങ്ങോപോയി" എന്നു ഞാൻ മറുപടി പറഞ്ഞു.

"എങ്ങും പോയില്ല. അത് ഈ കഞ്ഞിയിൽ തന്നെയുണ്ട്" എന്നു മുത്തശ്ശി. "ഇതുപോലെയാണ് മുത്തശ്ശിയും ഒരു നാൾ പോകുമ്പോൾ. എങ്ങും പോകില്ല. മോന്റ ഉള്ളിൽ മുത്തശ്ശിയും കാണും." ഈ അനുഭവം അപ്പാടെ രൂപം പൂണ്ടതാണ് 'ഉപ്പ്'.

*താങ്കളുടെ കവിതയിൽ ധാരാളമായി പ്രത്യക്ഷപ്പെടുന്ന, പക്ഷിയോടു ബന്ധപ്പെട്ട ഇമേജുകൾ കവിവ്യക്തിത്വത്തിന്റെ സജീവപ്രതീകമാണെന്നു വിമർശകർ ചൂണ്ടിക്കാണിക്കുന്നുണ്ടല്ലോ. "ഫീനിക്സിന്റെ സംഗീതം" എന്നു സ്വന്തം കവിതയെ വിശേഷിപ്പിക്കുന്നതിനെപ്പറ്റി എന്തു പറയുന്നു?*

✽ഞാൻ ജനിച്ചതും വളർന്നതും ഒരു ഗ്രാമത്തിലാണ്. ചവറയിൽ. പിന്നെ കൊല്ലവും. അന്നു കൊല്ലം പട്ടണവും ഗ്രാമീണഭംഗി കൈവിടാത്ത ഒരു പ്രദേശമായിരുന്നു. ഗ്രാമത്തിലെ പൂക്കൾ, പക്ഷികൾ, വയലുകൾ, തോടുകൾ എന്നിവയെല്ലാം എനിക്കിന്നും ഒരു ഹരമായി നില്ക്കുന്നു. പലതരം പക്ഷികൾ. അവയോടുള്ള ആത്മബന്ധം എത്ര ദൃഢമായിരുന്നു! ഇന്നതൊരു നൊസ്റ്റാൾജിയപോലെയാണ്. കവിതയെഴുതി വരുമ്പോൾ അവയെല്ലാം ചാടിക്കയറി വരുന്നു. 'ആവണിപ്പാടത്ത്' അവരെല്ലാമുണ്ട്. ഫീനിക്സ് സങ്കല്പം വളരെ ആവേശജനകമായനുഭവപ്പെട്ടു. ഉയിർത്തെഴുന്നേല്പിനെപ്പറ്റിയൊക്കെ പ്രഖ്യാപിക്കേണ്ടി വരുമ്പോൾ ആ അറേബ്യൻ സങ്കല്പപക്ഷി കടന്നുവരും. 'ഫീനിക്സ്' എന്ന കവിതയെഴുതിയതിന്റെ പേരിലാണ് 'ഫീനിക്സിന്റെ സംഗീതം' എന്ന വിശേഷണം രൂപം കൊണ്ടത്. >> 12



# ഒ.എൻ.വിക്കു ജ്ഞാനപീഠം മലയാളത്തിനും മലയാളിക്കും

(11-ാം പേജിൽ നിന്നു തുടർച്ച)

*മാത്രമല്ല, പക്ഷി ഉയർന്നു പറക്കുന്നു, മനുഷ്യന്റെ ക്രൂരതയ്ക്ക് എളുപ്പം ഇരയാകുന്നു എന്നൊക്കെയുള്ള വസ്തുതകളും....?*

❋ അതൊക്കെ നിരൂപകർ കണ്ടെത്തേണ്ട കാര്യമാണ്. കവിക്കതെപ്പറ്റി പറയാൻ വയ്യ. ചിലപ്പോൾ അത്തരം അഭിലാഷങ്ങളും വസ്തുതകളും കവിയറിയാതെ അയാളെ സ്വാധീനിക്കുന്നുണ്ടാകാം.

*വിമർശനം താങ്കളുടെ വളർച്ചയ്ക്കു സഹായകമായിട്ടുണ്ടോ?*

❋ തീർച്ചയായും. വിമർശനം ഞാനെപ്പോഴും ശ്രദ്ധിക്കാറുണ്ട്. ആത്മവിമർശനത്തിന് പ്രയോജനപ്പെടുന്നുമുണ്ട്. ചില മാറ്റങ്ങൾക്ക്, പ്രത്യേകിച്ചു പദരചനാപരമായ മാറ്റങ്ങൾക്ക്, അവ കാരണമാകാറുണ്ട്. ഒരു ദാഹരണം പറയാം:

കൗമാരഘട്ടത്തിൽ ഞാനെഴുതിയ ഒരു കവിതയിൽ യുവാവായ കഥാപാത്രത്തെ അവതരിപ്പിച്ചപ്പോൾ അയാളുടെ 'ചോര വീര്യം' എന്നെഴുതി.

ചോരയുടെ വീര്യം എന്നേ ഉദ്ദേശിച്ചുള്ളു. ചോരന്റെ വീര്യം എന്നും അർത്ഥമാകാമല്ലോ എന്നു മറ്റൊരാൾ ചൂണ്ടിക്കാണിച്ചപ്പോഴാണ് ഓർത്തത്. ഇതുപോലെയുള്ള തിരുത്തലുകൾ ഞാൻ നന്ദിയോടെ സ്വീകരിക്കും. എങ്കിലും, കവിത തിരുത്താൻ ഞാനാരെയും ഏല്പിക്കാറില്ല. ചിലപ്പോൾ വളരെ അടുത്ത സുഹൃത്തുക്കളെ വായിച്ചു കേൾപ്പിക്കും. അവരുടെ നിർദേശങ്ങൾ സ്വീകാര്യമെന്നു തോന്നിയാൽ അംഗീകരിക്കും.

*ഇങ്ങനെ സഹായിച്ചിട്ടുള്ളവർ ആരൊക്കെയെന്നു പറയാമോ?*

❋ അങ്ങനെ എടുത്തു പറയാൻ വയ്യ. നന്ദിപൂർവം ഓർക്കാനുള്ളത് പ്രത്യേകിച്ച് ഉറൂബിനെയാണ്, അദ്ദേഹത്തിൽ നിന്നു പല നല്ല നിർദേശങ്ങളും കിട്ടിയിട്ടുണ്ട്. ചില നല്ല പ്രയോഗങ്ങൾ വരുമ്പോൾ "അതു കൊള്ളാം" എന്നു പറയും. ചിലപ്പോൾ "അത്ര പറ്റിയില്ലല്ലോ" എന്ന്. പാട്ടു കേൾക്കുമ്പോൾ സ്വരം ആസ്വദിക്കുമ്പോലെയാണ് ആ സമീപനം. പിന്നെ ഗുരുനാഥൻ കൂടിയായ എൻ. കൃഷ്ണപിള്ളസാർ. കവിതയെപ്പറ്റി സ്ഫടികദൃശ്യം. സുതാര്യമായ വീക്ഷണമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. പൊതുവെ ചില അഭിപ്രായങ്ങൾ പറയും. പ്രശംസിക്കുന്നതിൽ കടുത്ത ലുബ്ധാണ് കാട്ടിയിരുന്നത്. എങ്കിലും അദ്ദേഹത്തിൽ നിന്നു കവിതയെ സംബന്ധിച്ച പല ഉൾകാഴ്ചകളും ഞാൻ നേടിയിട്ടുണ്ട്. പിന്നെ എന്റെ ശിഷ്യൻ കൂടിയായ എം.എം. ബഷീർ. ദീർഘനേരം ഞങ്ങൾ സംസാരിച്ചിരിക്കും. ചിലപ്പോൾ ഞാൻ ബഷീറിനെ തിരുത്തും. ചിലപ്പോൾ അയാൾ പറഞ്ഞതിൽ കാര്യമുണ്ടല്ലോ എന്നു ഞാൻ കരുതും. പിന്നെ പുതിയ തലമുറയിൽപെട്ട ശിഷ്യരും കൂടിയായ വേറെ ചിലർ. "ആ കവിത ഇന്ന കവിത പോലെ പറ്റിയില്ല" എന്നൊക്കെയാവും അവർ സൂചിപ്പിക്കുക. അതൊക്കെ ഒരു സ്വയം പരിശോധനയ്ക്കും സഹായകമായിട്ടുണ്ട്.



*വിമർശനം എന്നും ക്രിയാത്മകമായിട്ടാണോ അനുഭവപ്പെട്ടിട്ടുള്ളത്?*

❋ അല്ല, ചിലരുണ്ട്. ഉത്തരവാദിത്വമില്ലാതെ വിമർശിക്കും. ഉപരിപ്ലവമായ വിമർശനം മാത്രം. ചിലരുടെ പരാതി എന്റെ കവിതയിൽ മുഴുവൻ മധുരകോമള കാന്ത പദാവലികളാണെന്നാണ്. ഓരോ ഘട്ടത്തിലും വരുന്ന മാറ്റം അവർ ശ്രദ്ധിക്കാറില്ല. വിലോലബിംബങ്ങൾ എന്നൊക്കെ ആവർത്തിച്ചുകൊണ്ടിരിക്കും. ചിലർക്ക് അവരുടെ ഗ്രൂപ്പിൽ എന്നെ അംഗീകരിക്കാൻ കഴിയുന്നില്ല. അവരെയൊന്നും ഞാൻ കണക്കിലെടുക്കാറേയില്ല. ഉത്തരവാദിത്വരഹിതമായ വിമർശനത്തിനു ചെവി കൊടുത്താൽ കഴുതയെ ചുമന്ന അച്ഛന്റെയും മകന്റെയും അവസ്ഥയായിരിക്കും.

*മലയാളവിമർശനത്തിന്റെ ഇന്നത്തെ നിലപാടിനെപ്പറ്റി എന്താണഭിപ്രായം?*

❋ വളരെ ശോചനീയം. വിമർശനം ആരും ഗൗരവപൂർവം നിർവഹിക്കുന്നില്ല. വിമർശനം തന്നെ ഇല്ലാതായിരിക്കുന്നു എന്നു വേണമെങ്കിലും പറയാം. പലപ്പോഴും പത്രപംക്തികളിൽ പ്രത്യക്ഷപ്പെടുന്ന ഗ്രന്ഥപരിചാകം മാത്രം. വെറും പരാമർശനങ്ങളിൽ നിരൂപണം ഒതുങ്ങിപ്പോകുന്നു. വിമർശനം രണ്ടു രീതിയിലുണ്ടല്ലോ. ഒന്ന് കവിയെ ടെസ്റ്റുകളിലൂടെ മാത്രം പഠിക്കുക. രണ്ട്, കവിയെ അയാളുടെ സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പഠിക്കുക. ഇതൊന്നും നമ്മുടെ പുതിയ നിരൂപകർക്കു പ്രശ്നമല്ല. അവർക്കു നിരൂപണം ഒരു സൃഷ്ടിയാണ്. അവരിൽ ചിലരെങ്കിലും തങ്ങൾക്കൊന്നും പറയാനില്ല എന്നതു മറച്ചുവയ്ക്കാൻ വെറും വാഗ്ജാലം കൊണ്ടു വായനക്കാരെ കബളിപ്പിക്കുന്നു. അവർ പറയുന്നത് ആർക്കും മനസ്സിലായെന്നും വരില്ല. പലരും സുശിക്ഷിതമായ കാവ്യസംസ്കാരം ആർജിക്കുന്നില്ല. ശക്തി, നിപുണത, ലോകശാസ്ത്ര സംസ്കാരാദികൾ തുടങ്ങിയവയെല്ലാം ആസ്പദമാക്കിവേണം ഒരു കവിയെ വിലയിരുത്താൻ. പല നിരൂപകർക്കും ഒന്നോ രണ്ടോ ഇംഗ്ലീഷ് പുസ്തകങ്ങൾ മാത്രമായിരിക്കും ആധാരം!

*ആധുനിക കാലത്തു മലയാള കവിതയിൽ നടന്ന പരീക്ഷണങ്ങളൊന്നും താങ്കളെ ബാധിച്ചതായി കാണുന്നില്ല. അതിനെന്താണ് കാരണം? മലയാള കവിത ഇന്ന് ആസ്വാദകനോടു പിണങ്ങി നില്ക്കുന്നുവെന്നു പറയാമോ?*

❋ എന്നു പറയാൻ വയ്യ. എന്റെ കവിത ആസ്വാദകരുടെ ശ്രദ്ധയിലുണ്ടെന്നാണെന്റെ വിശ്വാസം. അതുപോലെ സമകാലികരായ പല കവികളുടെയും കവിതകൾ വിപുലമായി ആസ്വദിക്കപ്പെടുന്നുണ്ട്. പിന്നെ ചിലർ കവിതയെ കവിതയല്ലാതാക്കുന്നു. വൃത്തപരമായ സ്വാതന്ത്ര്യം ഞാനും എടുക്കാറുണ്ട്. പക്ഷേ, അതിന്റെ പിന്നിൽ സുനിശ്ചിതമായ വൃത്തബോധം ഉണ്ട്. ഉദാഹരണം സൂര്യഗീതവും ഭൂമിക്കൊരു ചരമഗീതവും. കാകളി, കളകാഞ്ചി മാരകാകളി, ഊനകാകളി, ഇക്ഷുദണ്ഡിക എന്നിവയെല്ലാം കലർന്ന ഒരു സമ്മിശ്രതാളമാണവയ്ക്കുള്ളത്. അത്തരമൊരു സംസ്കാരം ആർജിച്ചിരിക്കുന്നതിന്റെ ഫലമാണത്.

വൃത്തങ്ങളെല്ലാം ഓരോ കവിയിലും ചില പരിവർത്തനങ്ങൾക്കു വിധേയമാകും. ഒരേ വൃത്തം രണ്ടു കവിതകളിൽ രണ്ടു വിധത്തിലാകും. എഴുത്തച്ഛന്റെയും വള്ളത്തോളിന്റെയും കേക നോക്കുക. രണ്ടും രണ്ടല്ലേ? ഒരുകവിയിൽപോലും ഈ വ്യത്യാസം അനുഭവപ്പെടാം. വള്ളത്തോളിന്റെ ലഘുകവിതകളും ഖണ്ഡകാവ്യങ്ങളും തമ്മിൽ ഭേദമില്ലേ? ആശാന്റെ 'നളിനി'യും 'ലീല'യും തമ്മിൽ പോലുമില്ലേ ഭേദം? ഭാവപരവും രൂപപരവുമായ ഈ പരിണാമം അതതുകാലഘട്ടത്തിന്റെ സ്വാധീനത്തിൽ നിന്നു കൂടിയാണുണ്ടാവുന്നത്. എന്നുകരുതി ഒടിച്ചുനുറുക്കി പദ്യം ചമയ്ക്കുകയും അതിനു ഭാഷ്യം തീർക്കുകയും ചെയ്യാൻ എനിക്കു താത്പര്യമില്ല. അങ്ങനെ ചെയ്യുന്നവർ ചെയ്തോട്ടെ.



*താങ്കളുടെ കവിതകളിൽ ബൈബിളിന്റെ സ്വാധീനം വിപുലമായി കാണുന്നുണ്ട്. പ്രത്യേക കാരണം എന്തെങ്കിലുമുണ്ടോ?*

❋ ഞാൻ നേരത്തേ പറഞ്ഞല്ലോ. നിസ്വവർഗത്തിനഭിമുഖമായി എന്നിൽ രൂപംകൊണ്ട ഒരു മാനസികാവസ്ഥയെപ്പറ്റി. അതു രൂപപ്പെടുത്തിയതിൽ ബൈബിളിനും നിർണായക പങ്കുണ്ട്. അച്ഛന്റെ ഗ്രന്ഥശേഖരത്തിൽ 'സത്യവേദപുസ്തക'ത്തിന്റെ ഒരു കോപ്പി ഉണ്ടായിരുന്നു. അതു ഞാൻ പലകുറി ആവേശത്തോടെ വായിച്ചിട്ടുണ്ട്. പിന്നീട് ഇംഗ്ലീഷ് ബൈബിളും. സാഹിത്യഭംഗികൊണ്ടു പഴയ നിയമത്തോടാണു താത്പര്യം. എന്നാൽ ഹൃദയം കൊണ്ടു ക്രിസ്തുവിന്റെ പ്രബോധനങ്ങളോടാണ് അടുപ്പം. ബൈബിളിലെ പല കഥാപാത്രങ്ങളും എന്നെ ആഴത്തിൽ സ്പർശിച്ചിട്ടുണ്ട്.

ഉദാഹരണം, ദാവീദ്. ഗ്രാമ്യമായ പരിശുദ്ധിയുടെ ആ പ്രാരംഭബിന്ദു പിന്നെപ്പിന്നെ വീര പ്രകടനങ്ങളിലേക്കും അധികാരമത്സരങ്ങളിലേക്കും ആധിപത്യത്തിലേക്കും പടിപടിയായി പരിണമിച്ചു. ഒരു സാമ്രാജ്യം മുഴുവൻ സ്വന്തമായിട്ടും അയാൾക്കു മതിയായില്ല. കാമക്രോധമോഹങ്ങൾ അനുക്രമം അയാളിൽ വളർന്നുവന്നു. വിശ്വസ്തസേവകനെ ചതിയിൽ കൊല്ലിച്ച് അയാളുടെ ഭാര്യയെ തട്ടിയെടുത്തു. അവൾ വിമനസ്സോടെയാണ് രാജാവിനു തന്നെ അർപ്പിച്ചത്. ചളിപ്പാടത്തു നില്ക്കുന്ന പൂവിനും അതിന്റെ വിശുദ്ധിയുണ്ട്. ഉറിയായുടെ കുടിലാകുന്ന ചെളിപ്പാടത്തു നിന്ന പവിത്ര പുഷ്പമായിരുന്നു ബേത്ഷെബാ. അതു പറിച്ചെടുക്കപ്പെട്ടപ്പോൾ എത്ര വേദനിച്ചിട്ടുണ്ടാവില്ല? ആ വേദനയ്ക്കു നിർദയം ശിക്ഷയനുഭവിക്കേണ്ടിവന്നു, ദാവീദിന് അതിന്റെ ഫലമായി സങ്കീർത്തനങ്ങളുണ്ടായി. ഇടയച്ചെറുക്കനായ ദാവീദ്, പരാക്രമശാലിയായ ദാവീദ്, രാജാവായ ദാവീദ്, സങ്കീർത്തനമെഴുതിയ ദാവീദ്-ഒരു മനുഷ്യന്റെ രൂപാന്തര പ്രാപ്തിയാണ് നമ്മളവിടെ കാണുന്നത്. ഈ കഥാപാത്രം എന്റെ മനസ്സിലെ നിത്യപ്രചോദനങ്ങളിൽ ഒന്നാണ്. അതിന്റെ ഈരിലമാത്രമാണ് 'ദാവീദിനൊരു ഗീതം' എന്ന കവിത.

*"ഒരായുസ്സിന്റെ പണിതീർത്ത് മറ്റൊരായുസ്സിന്റെ പണിക്കു തയാറെടുത്തിരിക്കുന്നു" എന്നു ജോസഫ് മുണ്ടശ്ശേരി 1955 ൽ താങ്കളെപ്പറ്റി എഴുതി. ഈ അഭിനന്ദനം താങ്കളെ ഏതെങ്കിലും വിധത്തിൽസ്വാധീനിക്കുകയുണ്ടായോ?*

❋ ഒരു പിടി തെറ്റിദ്ധാരണകൾ ഉണ്ടാക്കിയ പ്രസ്താവമാണത്. അതിന്റെ പേരിൽ ഒത്തിരി ശകാരവും കേൾക്കേണ്ടിവന്നു. ചിലർ കവി മരിച്ചു എന്നുവരെ എഴുതിക്കളഞ്ഞു. ആ വരികൾ പറഞ്ഞുകൊടുത്തെഴുതിക്കുമ്പോൾ ഞാൻ അരികിലുണ്ടായിരുന്നു. ജി.യുടെയും എന്റെയും പദപ്രയോഗ രീതി താരതമ്യം ചെയ്തുകൊണ്ടാണങ്ങനെ പറഞ്ഞത്. നാടൻഭാഷ തന്നെ സ്വീകരിച്ചുകൊണ്ട് കേരളീയ സംസ്കാരത്തെ അതിന്റെ തനിമയിൽ ആവിഷ്കരിക്കാൻ എനിക്കു കഴിഞ്ഞുവെന്നായിരുന്നു മാസ്റ്ററുടെ വാദം. എഴുത്തച്ഛൻ ചെയ്തതും, അന്നത്തെ ഭാഷയെയും സംസ്കാരത്തെയും കവിതയിൽ ആവാഹിക്കുകയായിരുന്നു എന്നുകൂടി സൂചിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ആ പ്രസ്താവം നടത്തിയത്. അത് എന്നെ ഏതെങ്കിലും വിധത്തിൽ സ്വാധീനിച്ചു എന്നു പറയാനാവില്ല.

*ധാരാളം അവാർഡുകൾ കിട്ടിയിട്ടുണ്ടല്ലോ അവാർഡുകളെപ്പറ്റി എന്താണഭിപ്രായം?*

❋ വളരെ സന്തോഷം അവാർഡുകൾകൊണ്ടു രണ്ടു പ്രയോജനമുണ്ട്. ഒന്ന് അംഗീകാരം. രണ്ട് പണം. ഇതു രണ്ടും ആവശ്യമാണ്. അതുകൊണ്ട് ഏത് അവാർഡും സ്വീകാര്യമാണ്. എന്നുപറഞ്ഞാൽ, ആരു കൊടുക്കുന്നു, സ്വീകരിക്കാവുന്നതാണോ, കവിതയ്ക്കുള്ള അംഗീകാരമാണോ എന്നൊക്കെ നോക്കും. ഏതെങ്കിലും അവാർഡ് ഏതെങ്കിലും തരത്തിലുള്ള കമിറ്റ്മെന്റ് ഉണ്ടാക്കും എന്നു ഞാൻ വിശ്വസിക്കുന്നില്ല. അക്കാദമി അവാർഡുകളൊക്കെ ആരെ, എന്തിന്റെ പേരിലാണ്സ്വാധീനിക്കുക? സോവ്യറ്റ്ലാൻഡ് നെഹ്റു അവാർഡു കിട്ടിയെന്നു കരുതി അതിൽപിന്നെ മുഴുവൻ റഷ്യൻ സ്തുതി എഴുതുന്നു എന്നാണോ അർത്ഥം?

ടോൾസ്റ്റോയി, പുഷ്കിൻ, മയക്കോവ്സ്കി ഇവരൊക്കെ എന്നെ ആകർഷിച്ചിട്ടുള്ള വ്യക്തിത്വങ്ങളാണ്. അവരെപ്പറ്റി എഴുതിയത് ഉള്ളിൽതട്ടിയ ചില അനുഭവങ്ങളുള്ളതുകൊണ്ടാണ്. അവാർഡ് കിട്ടിയതു കൊണ്ട് ആ സ്വാധീനത്തിനു വ്യാപ്തി കൂടിയിട്ടൊന്നുമില്ല. അവാർഡുകളെ അതിജീവിക്കാൻ കഴിയണം. അവാർഡു കിട്ടി ഇനി മതി എന്നു കരുതിപ്പോകരുത്. ഇയാൾക്ക് അവാർഡ് കൊടുത്തതു ബുദ്ധിമോശമായിപ്പോയല്ലോ എന്ന് അവാർഡു തന്നവർക്കു തോന്നാനും ഇടയാവരുത്. വയലാർ അവാർഡ് കിട്ടിയപ്പോൾ ഞാൻ പറഞ്ഞു: നിങ്ങൾ എനിക്ക് ഈ അവാർഡ് തരുന്നു. വളരെ സന്തോഷം. ഞാനിതിനെന്താണ് പകരം തരുക? ഒന്നേയുള്ളു. മറ്റെന്തിനും ഉപരി ഒരു കവിയായിരിക്കാൻ ഞാൻ ശ്രദ്ധിക്കും. ആ ഉറപ്പേ എനിക്കു തരാനുള്ളു.

*ഒരു കവിയുടെ സാമൂഹിക ജീവിതം എങ്ങനെയായിരിക്കണം എന്നു വിശദീകരിക്കാമോ?*

❋ ഒരു കവിക്ക് സാമൂഹികവും രാഷ്ട്രീയവും സാമുദായികവും ഗാർഹികവും ഒക്കെയായ ബന്ധങ്ങളുണ്ട്. ഞാൻ കവിയാണ് ഞാൻ ഒന്നിലും ഇടപെടില്ല എന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ കഴിയുമോ? ഇല്ല. ചിലപ്പോൾ എഴുത്തും വായനയുമൊക്കെ മാറ്റിവച്ച് അത്തരം ചില കാര്യങ്ങളിൽ ഇടപെടേണ്ടവരും. ഒരു രാഷ്ട്രീയക്കാരനായിരിക്കുന്നതിനെപ്പറ്റി എനിക്കു ചിന്തിക്കാനേ വയ്യ. എന്നു കരുതി ഞാൻ ഒരിക്കലും രാഷ്ട്രീയക്കാരെ പുച്ഛിക്കില്ല. അവരുമായൊക്കെ എനിക്കു നല്ല ബന്ധമാണുള്ളത്. ഒരു കാര്യം മാത്രം. ഈ മുറിയിലേക്ക് കയറിയാൽ അതെല്ലാം മറക്കുന്ന ഒരു മാനസികാവസ്ഥ സൃഷ്ടിക്കാൻ എനിക്കു കഴിയണം. കവിതയുടെ ലോകത്താവണം കവി. കാരണം, ഏകാന്തതയിൽ നിന്നേ ഏകാഗ്രത ലഭിക്കൂ. ഏകാഗ്രതയിൽ നിന്നേ നല്ല കവിത ജനിക്കൂ.

❖

ടോണി തോട്ടത്തിൽ

# ചില ഭരണകാര്യ സ്കെച്ചുകൾ

## കൂലിയാകാം, നോക്കു വേണ്ട

നോക്കുകൂലി തെറ്റാണ്, വാങ്ങരുത്, കൊടുക്കരുത്- ലോറൻസ് അങ്കിളിന്റെ വകയാണ് ഈ കമന്റ്. നോക്കുകൂലി ജന്മാവകാശമാണെന്നു സി.ഐ.ടി.യു തൊഴിലാളികൾ. നോക്കുകൂലിയില്ലാതെ നമുക്കെന്താഘോഷം. ലാൽ സലാം സഖാക്കളേ!

പി.സി. തോമസിനിട്ടു പണികൊടുവരും യോഗ്യരാണ് എന്നതുകൊണ്ടാണ് ഈ ആലോചന.

എൻ.സി.പിക്കു മന്ത്രിസ്ഥാനം കൊടുത്താലും വേണ്ട. കാരണം വാച്ചിൽ അതിനുള്ള കാലാവധിയൊട്ടില്ലതാനും. കൂട്ടത്തിൽനിന്നു കൊള്ളാവുന്ന അന്തസ്സുള്ള ഘടകക്ഷികൾ എല്ലാം ഇട്ടെറിഞ്ഞു പോയപ്പോൾ, എൻ.സി.പി, പി.സി. തോമസ് എന്നി




ത്തതും സി.പി.എം. ഒടുവിൽ ഘടകകക്ഷിയാക്കി കൂട്ടിയതും സി.പി.എം. ന്യൂനപക്ഷങ്ങളെ ചാക്കിട്ടു പിടിക്കാൻ പിണറായി വലിയ ഒരു ചാക്കും തോമസിനു കൊടുത്തു. സുരേന്ദ്രന്റെ മന്ത്രിസ്ഥാനം. പക്ഷേ, അളിയാ അളിയൻ കൊടുത്ത ചാക്കിൽ വീഴുന്നവരല്ലല്ലോ കേരളത്തിലെ ന്യൂനപക്ഷം. കേൾക്കാൻ ചെവിയുള്ളവർ, അതു പിള്ളയായാലും, കേൾക്കട്ടെ!

വി.എസ്. മന്ത്രിസഭയിലെ ഏറ്റവും കഴിവുകെട്ട മന്ത്രിയാരാണെന്നു ചോദിച്ചാൽ ഉത്തരം പറയാൻ ഒന്നാലോചിക്കേണ്ടിവരും. എല്ലാവരും കഴിവുള്ളവരായതുകൊണ്ടല്ല. മറിച്ച് ഈ അവസാനസ്ഥാനത്തിന് എല്ലാവരെ പടിക്കുവെളിയിൽ നിർത്തിയവർ തന്നെ ആനയിച്ചു കൂട്ടിക്കൊണ്ടു വരുന്നതിനും കേരളം സാക്ഷിയായി.

കോട്ടയം സമ്മേളനത്തിൽ പിണറായിയുടെ ചില ആളുകൾ മുഖ്യമന്ത്രിക്കിട്ടു 'കുപ്പിവച്ച്' എറിഞ്ഞു. ആണായി പിറന്നവർ ആരുമില്ലേ ഈ തറവാട്ടിൽ, വി.എസിനെ സംരക്ഷിക്കാൻ എന്ന പിണറായിയുടെ സിംഹഗർജനം കോട്ടയത്തു മുഴങ്ങിയപ്പോൾ കുട്ടിപ്പട്ടാളം അടിച്ചു നിരപ്പാക്കി. ആരെ, സ്വന്തം പാർട്ടിക്കാരെ തന്നെ!

ഇത് ഉഷാ ഉതുപ്പിന്റെ ഗാനമേളയല്ല എന്ന ശാസനം കൂടി നല്കിയ പിണറായി, ഒടുവിൽ ഉഷാ ഉതുപ്പിനോടു മാപ്പു പറഞ്ഞത്രേ. ശ്വാനൻമാരോട് ഇവരെ ഉപമിച്ചാൽ അവർ പോലും സഖാവിനെതിരെ കേസു കൊടുക്കുമായിരുന്നത്രേ!

കടലിലെ തിര കണ്ട് ആരും കൊതിക്കേണ്ട, അതു ബക്കറ്റിലെടുത്താൽ വെറും



വെള്ളം. മറിച്ചു കടലിലെത്തുമ്പോൾ വൻ തിരമാല. ചിലർ ഇതുപോലെയാണത്രേ. കമ്യൂണിസ്റ്റ് പാർട്ടിയെന്ന കടലിൽ നില്ക്കുമ്പോൾ, ജനപിന്തുണയെന്ന തിരമാല കാണുമ്പോൾ ചിലർക്കു വി.എസെന്നു തോന്നുമത്രേ. മുഖ്യമന്ത്രി സ്ഥാനം പോയാൽ വി.എസ്. വെറും വേലിക്കകത്ത് അച്ചുമാമൻ. കേട്ടിട്ടു കുളിരു കോരുന്നു.

തിരുവനന്തപുരത്തു പിണറായി ചേകവനും അച്ചുമാമൻ ആരോമലും തമ്മിലാണ്



ഈ യുദ്ധം അരങ്ങേറിയത്. പിന്നീടു തോറ്റ അച്ചുമാമനെ പൊളിറ്റ് ബ്യൂറോ തരംതാഴ്ത്തി. തോല്‌വികളേറ്റുവാങ്ങാൻ അച്ചുവിന്റെ ജീവിതം പിന്നെയും ബാക്കി!

പോലീസ് സ്റ്റേഷനിൽ കയറി ബോംബുണ്ടാക്കുമെന്നു പ്രഖ്യാപിച്ച ആഭ്യന്തരമന്ത്രിയും, വേണ്ടിവന്നാൽ പോലീസിനെയും തല്ലുമെന്നു പ്രഖ്യാപിച്ച വെളിയം ഭാർഗവനും ധനവകുപ്പ് തന്റെ വകുപ്പിനോടു ചിറ്റമ്മനയം കാട്ടുന്നുവെന്ന് ആരോപിക്കുന്ന കൃഷിമന്ത്രിയും എല്ലാം കൂടുന്ന ഈ ഭരണത്തിൽ നിന്നും ഇതിൽ കൂടുതൽ എന്തു പ്രതീക്ഷിക്കാൻ.

കട്ടൻചായ കുടിച്ചും ബഞ്ചിൽ കിടന്നുറങ്ങിയും സഖാക്കൾ പാർട്ടി പ്രവർത്തനം നടത്തുന്ന കാലം പോയി. ഈ കാര്യങ്ങൾ മനസ്സിലാക്കാതെ കേരളത്തിലെ ജനങ്ങൾ സുന്ദരവിഡ്ഢികളായി കഴിയുന്നു!

ബി.ജെ.പിയുടെ വോട്ടുവാങ്ങി വിജയിച്ച പി.സി. തോമസിനെ ഇടതുവശത്തും, വർഗീയവാദിയെന്നു ചിലരെങ്കിലും സംശയിക്കുന്ന മദനിയെ വലതുവശത്തും ഇരുത്തി പിണറായി സഖാവ്, വലതുപക്ഷ സംഘപരിവാർ സംഘടനകളെയും ജാതി സംഘടനകളെയും ചട്ടുകങ്ങളാണെന്നു കുറ്റപ്പെടുത്തിയാൽ ആതിനെ ആരും ചോദ്യം ചെയ്യേണ്ട!

ഇതിനിടെ അമ്പലപ്പുഴ ഏരിയാ കമ്മിറ്റിയിൽ 'ജുബ്ബാധാരികളുടെ കോലം' കെട്ടിത്തൂക്കി, കഴുത്തിൽ ദുർമേദസ് എന്ന ബോർഡും സ്ഥാപിച്ചു. കേരളത്തിൽ സഖാവ് വി.എസ്. ജുബ്ബാ ഇടും എന്നല്ലാതെ അങ്ങേരു മാത്രമല്ല ജുബ്ബാ ഇടുന്നത്. ജുബ്ബാ വിവാദവും കൊഴുക്കട്ടെ!

സാമ്പത്തികമായി പൊളിഞ്ഞ ചില കാർന്നോന്മാർ, രാവിലെ ഭക്ഷണം ഇല്ലാഞ്ഞിട്ടല്ല വേണ്ടാന്നു വച്ചിട്ടാണ് എന്നു പറയുന്നതുപോലെ, സുധാകർജി ഒരു തട്ട് അങ്ങു തട്ടി. അടുത്തവർഷം മുതൽ അരവണ പാത്രത്തിലേ കൊടുക്കൂ!

കുചേലൻ ഒരു പഴന്തുണിയിലാണ് അവിലുമായി ചെന്നത്. പ്രസാദം സാധാരണ കൈയിലാണു കൊടുക്കുന്നത്. ഇതു രണ്ട്, മൂന്നു കിലോ ഉള്ളതുകൊണ്ടു പാത്രത്തിൽ നല്കും. അരവണയ്ക്കുള്ള ഡപ്പി ഇല്ലാഞ്ഞിട്ടാണ് അരവണ പാത്രത്തിൽ നല്കുന്നതെന്നും, മന്ത്രി അതിനു പുരാണങ്ങളെ കൂട്ടുപിടിച്ചതാണെന്നും ചില ദുഷ്ചിന്തുക്കൾ പറയുന്നു.

അധ്യാപകന്റെ കൈവെട്ടിയ സംഭവത്തിൽ സാംസ്കാരിക നായകന്മാർ ആരും തന്നെ പ്രതികരിച്ചു കണ്ടില്ല. ഉണ്ടെങ്കിൽ തന്നെ അതിനു ശക്തിപോരാ എന്നു വേണം കരുതാൻ. സമൂഹത്തിലെ തിന്മകൾക്കെതിരെ പ്രതികരിക്കാത്ത സാംസ്കാരിക നായകരേ, നിങ്ങൾക്കു നമോവാകം, നല്ല നമസ്കാരം.




ലേഖകന്റെ ഒരു സംശയംകൂടി ചോദിച്ചുകൊണ്ടു വിടവാങ്ങുന്നു. എവിടെ രമ്യഹർമ്യങ്ങളിൽ അന്തിയുറങ്ങുന്ന ഇടതുപക്ഷ സാംസ്കാരിക നായകർ? നിങ്ങളുടെ പ്രതികരണശേഷിയെ ആരെങ്കിലും വിലയ്ക്കുവാങ്ങിയോ? കാലക്രമേണ സുകുമാർ അഴിക്കോടിനെപ്പോലെയുള്ളവർ, പ്രസംഗിച്ചു കൊടുക്കപ്പെടും എന്ന ബോർഡു വീടിനുമുമ്പിൽ തൂക്കിയാലും അത്ഭുതപ്പെടേണ്ട. ഈശ്വരോ രക്ഷിതു!

❖

## കുളിരണിയിച്ച മൂന്നാർ

മൂന്നാറിൽ പാർട്ടി ഓഫീസ് ഒഴിപ്പിക്കലും സി.പി.ഐയ്ക്കു കഷ്ടകാലമായിരുന്നു. അവിടെ കോട്ടിട്ടയാളും അതിനു മുകളിലുള്ളയാളും പോയവഴിയേ പുല്ലു കിളുത്തിട്ടില്ല!

അതിനിടയിൽ സി. ദിവാകരനോടു മാലാഖ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറഞ്ഞു: മകനേ, കേരളത്തിലെ ജനങ്ങളോടു നീ ഇങ്ങനെ പറയണം. നമുക്ക് അരിയാഹാരം കഴിക്കണമെന്നുണ്ടോ,? പകരം പാൽ, മുട്ട, കോഴിയിറച്ചി എന്നിവ കഴിക്കാം.

അദ്ദേഹം ഈ വിവരം പിറ്റേദിവസം കേരളത്തിലെ ജനങ്ങളോടു പറഞ്ഞു. വിവരംകെട്ട പത്രക്കാരും ചാനലുകാരും അതു വാർത്തയാക്കി.

ഇതിനിടയിൽ വെളിച്ചപ്പാടിന്റെ കൈയിൽ മാത്രം കണ്ടുവരുന്ന 'എസ്' കത്തിയുമായി ഐ.ജി. വിൻസെന്റ് എം.പോൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ കൈയിലിരിക്കുന്ന കത്തിയുപയോഗിച്ചാണത്രേ അക്രമി പോൾ എം. ജോർജ് എന്ന ചെറുപ്പക്കാരനെ ആക്രമിച്ചു കൊലപ്പെടുത്തിയത്. ഒടുവിൽ ഐ.ജിയുടേതു വെറും കത്തിയാണെന്നു ചാനലുകാർ തെളിയിച്ചു കൈയിൽ കൊടുത്തു.

കൊല്ലൻ പറയുന്നു, പോലീസുകാർ കൊലപാതകത്തിനു ശേഷം എന്നെക്കൊണ്ട് 'എസ്' ആകൃതിയിലുള്ള കത്തി പണിയിപ്പിച്ചതാണെന്ന്. വിൻസെന്റ് എം. പോളിന്റെ പിതാവിന്റെ പേരും പോൾ എന്ന് ആണെന്നല്ലാതെ, മരിച്ചത് അങ്ങേരുടെ ആരുമല്ലല്ലോ!



വേണമെങ്കിൽ വിൻസെന്റിനു തച്ചങ്കരിയുമായി ചേർന്നു പുതിയ ഒരു ഭക്തിഗാന കാസറ്റ് ഇറക്കാം. കാരണം അദ്ദേഹത്തിനാണത്രേ ഇത്തവണ വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ മെഡൽ!

❖

സാഹിത്യപഠനം

ഡോ. കുര്യാസ് കുമ്പളക്കുഴി

പ്രകാശം പരത്തുന്ന കവിതകൾ

# പുനർവായനയുടെ പുതിയ കാലം വരെ



*മലയാളത്തിലെ പ്രമുഖ കവികളിലൊരാളാണു മഹാകവി എം.പി. അപ്പൻ. സമ്പന്നമായ ആ കാവ്യജീവിതത്തെക്കുറിച്ചുള്ള ലേഖന പരമ്പരയുടെ അവസാന ഭാഗം.*

അപ്പൻ കവിതകളിലൂടെ തുറന്ന മനസ്സോടെ കടന്നു പോകുന്ന ആസ്വാദകനെ അമ്പരപ്പിക്കുന്ന ഒരു വസ്തുതയുണ്ട്-അതിന്റെ ബഹുമുഖത്വം. അവയിൽ ചിലതുമാത്രം അനാവരണം ചെയ്യാനുള്ള ലഘുശ്രമമേ ആയുള്ളൂ, ഈ പഠനം. വിഷയവൈവിധ്യത്തോടൊപ്പം വീക്ഷണവൈവിധ്യവും, ദാർശനിക വിചിന്തനങ്ങളോടൊപ്പം സൗന്ദര്യാരാധനയും, നിരുപാധിക ലാവണ്യപ്രണയത്തോടൊപ്പം വിട്ടുവീഴ്ചയില്ലാത്ത പ്രതിജ്ഞാബദ്ധതയും അവിടെ കൈകോർക്കുന്നു.

ആർഷസംസ്കാരത്തോടുള്ള ആത്മബന്ധവും പാശ്ചാത്യ സംസ്കൃതിയോടുള്ള ആഭിമുഖ്യവും അവിടെയുണ്ട്. അധ്വാനത്തിന്റെ മഹത്വം പ്രഖ്യാപിക്കുന്നതോടൊപ്പം ഈശ്വരാരാധനയുടെ അനുഗ്രഹദായകത്വം അനുസ്മരിപ്പിക്കാനും കവി മറക്കുന്നില്ല. മഹാത്മാക്കളോടുള്ള ആരാധനയും ലൗകിക ശക്തികളോടുള്ള വിധേയത്വവും സമാന്തരരേഖയിൽ സഞ്ചരിക്കുന്നു. അമ്മയുടെ സ്നേഹവും സഹധർമിണിയുടെ മധുരപ്രണയവും അച്ഛന്റെ അഭിമാനവും യുവത്വത്തിന്റെ ഇച്ഛാശക്തിയും കൗമാരത്തിന്റെ ആദർശപ്രേമവും ബാല്യത്തിന്റെ ജിജ്ഞാസയും ശൈശവത്തിന്റെ നിഷ്ക്കളങ്ക ചാപല്യങ്ങളും എവിടെയും ഇടകലരുന്നു. വാർധക്യത്തിന്റെ അനുഭവ തൈക്ഷ്ണ്യം നമ്മുടെ കൈപിടിക്കുന്നു.

**കവികളും കലാകാരന്മാരും ഇടയ്ക്കിടയ്ക്കു പുനർജനിക്കുന്നവരാണ്. പുനർവായനയുടേതായ ഒരു പുതിയ കാലം ഇനിയും വരുമെന്നും, അന്ന് അപ്പൻ കാവ്യങ്ങളും ആവേശത്തോടെ വായിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും ചെയ്യുമെന്നും എനിക്കുറപ്പുണ്ട്. അവർക്കുവേണ്ടിയാണ്, ആ തലമുറയ്ക്കുവേണ്ടിയാണ് ഈ സമാഹാരവും ഈ ആമുഖവചനങ്ങളും.**

ഭക്തിയും വിഭക്തിയും, പ്രണയവും പ്രണയഭംഗവും, ആശയും നിരാശതയും; സ്വപ്നങ്ങളുടെ നിലാവൊളിയും ജീവിതയാഥാർത്ഥ്യങ്ങളുടെ ഉച്ചവെയിലും, ആകാശത്തിന്റെ ഔന്നത്യവും ആഴിയുടെ അഗാധതയും ഭൂമിയുടെ സൗഹൃദവും; ഇഷ്ടദൈവങ്ങൾക്കു മുന്നിലെ ഹൃദയാർപ്പണവും ഇഷ്ടവ്യക്തികൾക്കുള്ള സ്നേഹാർച്ചനയും അപ്പൻ കവിതയുടെ അകം നിറയ്ക്കുന്ന ഈ വിഭവസമൃദ്ധി ആർക്കാണു കണ്ടില്ലെന്നു നടിക്കാൻ കഴിയുക?

വാക്കുകളുടെ സൂക്ഷ്മമായ തെരഞ്ഞെടുപ്പിൽ അപ്പൻ എപ്പോഴും ജാഗ്രത പുലർത്തുന്നു. സ്വാഭാവികമായി വിടർന്നുവരുന്ന അലങ്കാരങ്ങൾ നിരസിക്കുന്നില്ല. ശബ്ദാർത്ഥങ്ങളുടെ പരസ്പരലയമാണു പ്രിയങ്കരം. ബിംബങ്ങളുടെ ധാരാളിത്തമില്ല. വാക്കുകൾക്കുമേൽ നിലാവു വിരിക്കുന്ന ഭാവഭംഗിയുണ്ട്.

എല്ലാം കൂടിച്ചേർന്നു സഹൃദയർക്കു ഹൃദയം നിറയ്ക്കുന്ന ലാവണ്യാനുഭവമായിത്തീരുന്നു, അപ്പന്റെ കവിത.

ഇന്നത്തെ തലമുറ അപ്പൻ കവിതകൾ ആവേശത്തോടെ ആസ്വദിക്കും എന്നാരും അവകാശപ്പെടുകയില്ല. കവിതാസ്വാദകരുടെ എണ്ണം എന്നും പരിമിതമായിരുന്നല്ലോ. ഭൂരിപക്ഷം ചർച്ച ചെയ്യും, പക്ഷേ, ആസ്വദിക്കുകയില്ല. ന്യൂനപക്ഷം ആസ്വദിക്കും, പക്ഷേ ചർച്ച ചെയ്യുകയില്ല. ഇതാണു കവിതയുടെ വിധി. കാവ്യാസ്വാദനം ഒരു സ്വകാര്യാനുഭവമാണ്. ഒന്നുകൂടി സൂക്ഷ്മമാക്കിയാൽ, വിശുദ്ധമായ സ്വകാര്യാനുഭവം. ഇന്നു കവിത ആരും വായിക്കുന്നില്ല എന്നു പരിഭവം പറയുന്നവർ ഇക്കാര്യം വിസ്മരിക്കരുത്.

ഉത്തരാധുനികമായ ഒരു ഭാവുകത്വം ചെങ്കോലേന്തുന്ന വർത്തമാനഘട്ടത്തിൽ അപ്പൻ കവിതയക്ക് ആസ്വാദകർ കുറഞ്ഞു പോകുന്നതോർത്ത് ആരും ദുഃഖിക്കേണ്ട. രുചിഭേദങ്ങൾ മാറിമാറി വന്നുകൊണ്ടേയിരിക്കും. നമ്മുടെ മഹാകവികൾ പലരും പൊതുവായനയുടെ അരങ്ങിൽ നിന്ന് ബഹിഷ്കൃതരായിക്കഴിഞ്ഞു. ഇതു പക്ഷേ, അന്തിമ വിധിയല്ല. കവികളും കലാകാരന്മാരും ഇടയ്ക്കിടയ്ക്കു പുനർജനിക്കുന്നവരാണ്. പുനർവായനയുടേതായ ഒരു പുതിയകാലം ഇനിയും വരുമെന്നും, അന്ന് അപ്പൻ കാവ്യങ്ങളും ആവേശത്തോടെ വായിക്കപ്പെടുകയും വിലയിരുത്തപ്പെടുകയും ചെയ്യുമെന്നും എനിക്കുറപ്പുണ്ട്. അവർക്കുവേണ്ടിയാണ്, ആ തലമുറയ്ക്കുവേണ്ടിയാണ് ഈ സമാഹാരവും ഈ ആമുഖവചനങ്ങളും.

❖

## സുധീരന്റെ വാക്കുകൾക്കെങ്കിലും ചെവികൊടുക്കുക

*(7-ാം പേജിൽ നിന്നു തുടർച്ച)*

ഭൂരഹിതർക്കു ഭൂമി വാങ്ങാനുള്ള തുക തീരമണയാതെ കയത്തിലാണ്ടു. 9121 ഭൂരഹിതർക്കുള്ള 227.40 ലക്ഷത്തിൽ പ്രയോജനപ്പെട്ടത് 68 പേർക്കുമാത്രം. തുക ഏഴുലക്ഷത്തിൽ താഴെയും. തൊഴിലുറപ്പു പദ്ധതിയിൽ ലക്ഷങ്ങൾ തള്ളുന്നത് കാടുവെട്ടിത്തെളിക്കാനാണ്. വോട്ടുബാങ്കു ലക്ഷ്യംവച്ചെങ്കിലും ചിലതെല്ലാം വളഞ്ഞു നിർത്തി ചെലവിടാനുള്ള തന്ത്രം രൂപപ്പെടുത്തിയിരുന്നെങ്കിൽ പദ്ധതിപ്പണം പാഴാകുമായിരുന്നില്ല. അതും സംഭവിക്കാത്ത ജാള്യതയിൽ ഞെളിഞ്ഞിരുന്നു കണക്കും കാര്യങ്ങളും പണിതെറ്റിച്ച കഥകേട്ടു ജില്ലാ പഞ്ചായത്തു പ്രസിഡണ്ടും ബി.ഡി.ഒമാരും പഞ്ചായത്തു പ്രസിഡണ്ടുമാരും വകുപ്പുദ്യോഗസ്ഥരും കോട്ടുവായിടുകയായിരുന്നു. വഞ്ചിതരായ ജനം ആരെയാണു തടവിലാക്കേണ്ടതും തറപറ്റിക്കേണ്ടതും?

**സമൂഹത്തിന്റെ ചരിത്രപരമായ അധാർമികതകൾ നിയമവും ഭരണവുമായി പ്രതിഷ്ഠിക്കപ്പെടവേ, അതേ സമൂഹത്തിലെ ഒറ്റപ്പെട്ട വ്യക്തികൾക്ക് അവയുടെ അധാർമികത പകൽ വെളിച്ചം പോലെ തെളിഞ്ഞു കാണാമെന്നതു സത്യം. സുധീരന്റെ ന്യായവും സുതാര്യവുമായ ഈയൊരാവശ്യത്തിന് ആകാശത്തോളം ഉയരവും കേരളത്തോളം വിസ്തൃതിയും ഭാരതവർഷത്തിന്റ കരുത്തുമുണ്ട്. ബാലറ്റു പേപ്പറിലൂടെ അളക്കുന്നതു രാഷ്ട്രീയം മാത്രമല്ലല്ലോ!**

അധികാരം താഴെത്തട്ടിലേക്ക് എത്തിപ്പെടുന്നതോടെ ജനകീയ മുഖം മറക്കുട മാറ്റി ക്ഷേമരാഷ്ട്രത്തിനുള്ള ആധാരശിലയിടുമെന്ന രാഷ്ട്രപിതാവിന്റെ ശുഭചിന്തയും പ്രതീക്ഷയും 'മഹാബലിക്കൊരു കത്ത്' എഴുതി സമർപ്പിച്ച വയലാറിന്റെ മനോദുഃഖത്തെ അനുസ്മരിപ്പിക്കുന്നു. 'എല്ലാമെനിക്കു സുഖമാണ്, ധന്യമാണെങ്കിലു, മുണ്ടൊരു സംതൃപ്തിയെപ്പോഴും', 'മാനവരെല്ലാമൊന്നുപോലാ'വുന്ന മാനവധർമം പുലർന്നില്ലിതേവരെ'! യാഥാർത്ഥ്യം ഇതായിരിക്കെ, അധികാരവാഴ്ചയുടെ അങ്കക്കലിപൂണ്ടവർ താലോലിക്കുന്ന കീഴ്വഴക്കങ്ങൾക്ക് അനുഭവങ്ങളുടെ തീവ്രാധ്വാനമുൾക്കൊണ്ട നീതിസാരം നിർദ്ദേശിക്കുകയാണ്, വി.എം.സുധീരൻ. ഇതിനൊരു ടിപ്പണിപോലെ ആമുഖം തുടരുന്നു: "സമൂഹത്തിന്റെ ചരിത്രപരമായ അധാർമികതകൾ നിയമവും ഭരണവുമായി പ്രതിഷ്ഠിക്കപ്പെടവേ, അതേ സമൂഹത്തിലെ ഒറ്റപ്പെട്ട വ്യക്തികൾക്ക് അവയുടെ അധാർമികത പകൽ വെളിച്ചം പോലെ തെളിഞ്ഞു കാണാമെന്നതു സത്യം." സുധീരന്റെ ന്യായവും സുതാര്യവുമായ ഈയൊരാവശ്യത്തിന് ആകാശത്തോളം ഉയരവും കേരളത്തോളം വിസ്തൃതിയും ഭാരതവർഷത്തിന്റെ കരുത്തുമുണ്ട്. ബാലറ്റു പേപ്പറിലൂടെ അളക്കുന്നതു രാഷ്ട്രീയം മാത്രമല്ലല്ലോ!

❖

## കേനോപനിഷത്ത്

9 *തസ്മിം സ്ത്വയി കിം വീര്യമിത്യപീദം*
*സർവമാദദീയ യദിദം പൃഥിവ്യാമിതി*

| | |
|---|---|
| തസ്മിൻ ത്വയി | അങ്ങനെയുള്ള നിന്നിൽ |
| കിം വീര്യം | എന്തു വീര്യമാണുള്ളത്? |
| ഇതി | എന്ന് (ചോദിച്ചു) |
| പൃഥിവ്യാം | ഭൂമിയിൽ |
| യത് ഇദം | യാതൊക്കെയുണ്ടോ |
| ഇദം സർവം അപി | ഇവയെല്ലാം |
| ഇതി | എന്നു (പറഞ്ഞു) |

*തനിക്കു അസാധ്യമായി ഈ പ്രപഞ്ചത്തിൽ ഒന്നുമില്ല എന്ന അഹന്തയാണു വായുവിന്റെ മറുപടിയിൽ നിറഞ്ഞു നില്ക്കുന്നത്.*

*** *** *** *** ***

10. *തസ്മൈ തൃണം നിദധാവേതദാദത്സ്വേതി*
*തദുപപ്രേയായ സർവജവേന,*
*തന്ന ശശാകാദാതും,*
*സ തത ഏവ നിവവൃതേ*
*നൈതദശകം വിജ്ഞാതും*
*യദേതദ് യക്ഷമിതി*

| | |
|---|---|
| തസ്മൈ | അവനായിക്കൊണ്ട് (വായുവിന്റെ മുന്നിൽ) |
| തൃണം | ഒരു പുൽക്കൊടി |
| നിദധൗ | വച്ചുകൊടുത്തു |
| ഏതത് | ഇതിനെ |
| ആദ ദദത്സ്വ ഇതി | എടുത്താലും എന്ന് (പറയുകയും ചെയ്യും) |
| സ | അവൻ (വായു) |
| സർവജവേന | എല്ലാ ശക്തിയോടും കൂടി |
| തത് ഉപപ്രേയായ | അതിനെ സമീപിച്ചു |
| തത് ആതും | അതെടുക്കുന്നതിന് |
| ന ശശാക | ശക്തനായില്ല. |
| തത ഏവ | ആ കാരണത്താൽ തന്നെ |
| നിവവൃതേ | മടങ്ങിപ്പോന്നു |
| യത് | യാതൊന്ന് |
| ഏതത് യക്ഷം ഇതി | ഏതുമായാ രൂപമാണെന്ന് |
| ഏതത് വിജ്ഞാതും | ഇതിനെ അറിയുന്നതിന് |
| ന അശകം | കഴിഞ്ഞില്ല. |

*ബ്രഹ്മത്തെ സ്വന്തം ശക്തികൊണ്ടറിയാൻ കഴിയും എന്ന അഹന്ത വായുവിനും ഇല്ലാതായി. അതു പരാജയം സമ്മതിച്ചു മടങ്ങി.*

*** *** *** *** ***

11. *അഥേന്ദ്രമബ്രുവൻ*
*മഘവന്നേതദ് വിജാനീഹി*
*കിമേതദ് യക്ഷമിതി*
*തഥേതി തദഭ്യദ്രവത്*
*അസ്മാത്തിരോദധേ*

| | |
|---|---|
| അഥ | അനന്തരം |
| ഇന്ദ്രം അബ്രുവൻ | ഇന്ദ്രനോടു പറഞ്ഞു |
| മഘവൻ | അല്ലയോ ദേവേന്ദ്രാ, |
| ഏതദ് വിജാനീഹി | ഇതറിഞ്ഞാലും |
| ഏതദ് യക്ഷം | ഈ മായാരൂപം |
| കിം ഇതി | എന്താണെന്ന് |
| തഥാ ഇതി | അങ്ങനെയാകട്ടെയെന്ന് (സമ്മതിച്ചു) |
| തത് അഭ്യദ്രവത് | അതിനെ സമീപിച്ചു. |
| തസ്മാത് | (പക്ഷേ, യക്ഷം) അവനിൽ നിന്ന് |
| തിരോദധേ | തിരോധാനം ചെയ്തു |

*ഞാൻ പെട്ടെന്നുചെന്ന് അതിനെ മനസ്സിലാക്കിവരാം എന്ന അഹങ്കാരത്തോടെയാണ് ഇന്ദ്രൻ ബ്രഹ്മത്തെ സമീപിച്ചത്. അദ്ദേഹത്തെ ഇളിഭ്യനാക്കിക്കൊണ്ടു ബ്രഹ്മം ഒരക്ഷരം ഉരിയാടുകപോലും ചെയ്യാതെ അപ്രത്യക്ഷനായിക്കളഞ്ഞു! അഹന്തയ്ക്കുള്ള ശിക്ഷ!*

*** *** *** *** ***

12. *സ തസ്മിന്നേവാകാശേ*
*സ്ത്രിയമാജഗാമ*
*ബഹുശോഭമാനാമുമാം*
*ഹൈമവതീം താം ഹോവാച*
*കിമേതദ് യക്ഷ മിതി*

| | |
|---|---|
| സഃ | അവൻ (ഇന്ദ്രൻ) |
| തസ്മിൻ ആകാശേ ഏവ | അവിടെ ആകാശത്തിൽ തന്നെ |
| ബഹുശോഭമാനാം | അതിസുന്ദരിയും |
| ഹൈമവതീം | ഹിമവാന്റെ പുത്രിയും ആയ |
| ഉമാം സ്ത്രിയം | ഉമാദേവിയുടെ |
| ആജഗാമ | അടുത്തുചെന്ന് |
| താം ഹ | അവളോട് |
| ഏതദ് യക്ഷം | ഈ യക്ഷം |
| കിം ഇതി ഉവാച | എന്താണെന്നു ചോദിച്ചു. |

*അഗ്നിയും വായുവും ചെയ്തതുപോലെ ഭഗ്നാശനായി മടങ്ങാൻ ഇന്ദ്രൻ തയ്യാറായില്ല. അപ്പോൾ ബ്രഹ്മം പാർവതി ദേവിയുടെ രൂപത്തിൽ അദ്ദേഹത്തിനു മുന്നിൽ പ്രത്യക്ഷമായി. പ്രാർത്ഥനാപൂർവം പിന്നെയും അവിടെ നിലകൊണ്ടതിനുള്ള അനുഗ്രഹമാണിത്.*



പുനരാഖ്യാനം

മഹാഭാരതം - 89

സവ്യസാചി

# ശമത്തിനും യുദ്ധത്തിനും തയ്യാറെന്നു പാണ്ഡവർ

ഹസ്തിനപുരത്തേക്കു ദൂതു പോകാൻ തയ്യാറാണെന്നറിയിച്ച ശ്രീകൃഷ്ണൻ പാണ്ഡവരുടെ മനസ്സറിയാൻ, അവരെ യുദ്ധത്തിനു പ്രോത്സാഹിപ്പിക്കുന്ന വിധം സംസാരിച്ചു തുടങ്ങി.

യുധിഷ്ഠിര രാജാവേ, ഞാൻ അങ്ങയുടെയും സഞ്ജയന്റെയും വാക്കുകൾ കേട്ടു. അങ്ങയുടെയും കൗരവരുടെയും അഭിപ്രായങ്ങളും മനസ്സിലായി. അങ്ങയുടെ ബുദ്ധി ധർമത്തിൽ അധിഷ്ഠിതമാണ്. കൗരവരുടേതാകട്ടെ ശത്രുതയിൽ മുങ്ങിയതും. യുദ്ധം കൂടാതെ രാജ്യം കിട്ടാൻ നിങ്ങൾ ആഗ്രഹിക്കുന്നു. പക്ഷേ, യുധിഷ്ഠിരാ, ഒന്നോർക്കണം. നൈഷ്ഠിക ബ്രഹ്മചാരികളുടെ വൃത്തി ക്ഷത്രിയർക്കു പറഞ്ഞിട്ടുള്ളതല്ല. അവനു ഭിക്ഷയാചിക്കാൻ അനുവാദമില്ല. അവന്റെ ധർമം യുദ്ധമാണ്. അതിൽ ജയമുണ്ടാകാം, തോല്‌വിയുമുണ്ടാകാം. അതു നേരിടാൻ അവൻ തയ്യാറായിരിക്കണം. ദാരിദ്ര്യവും ദാസ്യവും ക്ഷത്രിയർക്കു വിധിച്ചിട്ടുള്ളതല്ല.

കൗരവർ ഒരിക്കലും നിങ്ങൾക്കു തുല്യരല്ല. ഭീഷ്മദ്രോണാദികളുടെ പിൻതുണയുണ്ടെന്ന അവരുടെ കണക്കുകൂട്ടലും ശരിയാവില്ല. അങ്ങയെ കള്ളച്ചൂതിൽ തോല്പിച്ച ദുഷ്ടതയോർത്ത് അവർക്കിപ്പോഴും കുറ്റബോധമില്ല. ഇത്തരക്കാരോടു സ്നേഹം പാടില്ല. നിങ്ങളെ സംബന്ധിച്ചിടത്തോളം അവർ പണ്ടേ തന്നെ വധിക്കപ്പെടേണ്ടവരാണ്. അത്രയ്ക്കു ക്രൂരതയാണവർ നിങ്ങളോടു കാട്ടിയത്. ദുഷ്ടനായ ദുശ്ശാസനൻ ഗുരുജനങ്ങളുടെ മുമ്പിലിട്ടല്ലേ പാഞ്ചാലിയെ വസ്ത്രാക്ഷേപം ചെയ്ത് അപമാനിക്കാൻ തുനിഞ്ഞത്? അന്ന് അങ്ങു തടഞ്ഞതുകൊണ്ടാണ് അനുജന്മാർ നിസ്സഹായരായി നിന്നത്. അല്ലായിരുന്നെങ്കിൽ അന്നുതന്നെ കൗരവർ കാലപുരിക്കു പോകുമായിരുന്നു.

അന്ന് അവിടെയുണ്ടായിരുന്നവരെല്ലാം ദുര്യോധനനെ കുറ്റപ്പെടുത്തി, നിന്ദിച്ചു. പക്ഷേ, ധർമചിന്തയില്ലാത്തവർക്കു ലജ്ജയും കുറ്റബോധവുമുണ്ടാകില്ലല്ലൊ. നാണംകെട്ടപ്പോൾ തന്നെ അവൻ ചത്തതിനു തുല്യമായിക്കഴിഞ്ഞു. ഇത്തരക്കാർക്കു വധശിക്ഷതന്നെയാണു ലഭിക്കേണ്ടത്. ഇത്തിക്കണ്ണി കയറി വേരുകൾ ദ്രവിച്ച വൃക്ഷം പോലെയാണു ദുര്യോധനൻ. അനാര്യനും ദുഷ്ടനുമായ അവൻ പാമ്പുപോലെ കൊല്ലപ്പെടാൻ അർഹനാണ്.

ഞാനവിടെ ചെന്നു ദുര്യോധനനെപ്പറ്റി ആർക്കെങ്കിലും രണ്ടുപക്ഷമുണ്ടെങ്കിൽ അതുകൂടി ഇല്ലാതാക്കുന്നുണ്ട്. ഭീഷ്മദ്രോണാദികൾക്കു മുന്നിൽ ഞാൻ അങ്ങയെ ധർമനിഷ്ഠൻ, സത്യശീലൻ എന്നൊക്കെ പ്രശംസിക്കും. കൗരവരെ നിന്ദിക്കും. എങ്കിലും, ശമം പാലിക്കണമെന്ന് ഉപദേശിക്കുകയും ചെയ്യും. അവർ സമ്മതിക്കുമെങ്കിൽ സമ്മതിക്കട്ടെ.

അപ്പോൾ ഭീമസേനൻ ശ്രീകൃഷ്ണനോടു പറഞ്ഞു: ഹേ മധുസൂദനാ, കൗരവർക്കു ശമമായി തോന്നുന്നതെന്തോ അതുതന്നെ അവരോടു പറയുക. യുദ്ധത്തിന്റെ കാര്യം പറഞ്ഞ് അവരെ ഭയപ്പെടുത്തണമെന്നില്ല. അവരോടുള്ള ഏറ്റുമുട്ടൽ വേണമെന്നില്ല. സാമം തന്നെ ഉപായമായി സ്വീകരിക്കുക. ദീർഘവീക്ഷണമില്ലാത്തവൻ, പരനിന്ദചെയ്യുന്നവൻ, എപ്പോഴും കോപിക്കുന്നവൻ, പാപശീലൻ, ചതിപ്രിയൻ- ഇങ്ങനെയുള്ളവർ ചത്താലും കീഴടങ്ങില്ല. അവർ മർക്കടമുഷ്ടി വിടില്ല. അവരുമായി ശമം എളുപ്പമല്ല.

ഇഷ്ടരോടു തെറ്റിനില്ക്കുന്നവനും ധർമചിന്ത വെടിഞ്ഞവനും വ്യാജം പറയുന്നവനും സുഹൃത്തുക്കൾ പറഞ്ഞാലും കേൾക്കുകയില്ല. അവനെ പുല്ലിനിടയിൽ ഒളിച്ചുകിടക്കുന്ന പാമ്പിനെപ്പോലെ ഭയപ്പെടണം. ദുര്യോധനന്റെ സ്വഭാവവും ശീലവും ബലവും പരാക്രമവുമൊക്കെ അങ്ങേക്കറിയാവുന്നതാണല്ലൊ. അവന്റെ വിക്രിയകൾ കൊണ്ടു ഭരതവംശം തീപിടിക്കുന്ന കാടുപോലെ വെന്തെരിയും. അതിനിടവരാതിരിക്കണമെങ്കിൽ ദുര്യോധനനു കീഴടങ്ങിയിട്ടായാലും യുദ്ധം ഒഴിവാക്കി വംശരക്ഷ ചെയ്യാൻ ഞങ്ങളൊരുക്കമാണ്. വൃദ്ധരായ പിതാമഹനോടും സഭാവാസികളോടും അങ്ങിതു പറഞ്ഞാലും. സഹോദരസ്നേഹം തകരാതിരിക്കട്ടെ. ദുര്യോധനൻ അടങ്ങിപ്പാർക്കട്ടെ. ഇപ്പറഞ്ഞത്, ജ്യേഷ്ഠനും അനുജൻ അർജുനനും സമ്മതമാണ്. അവർക്കു യുദ്ധക്കൊതി തീരെയില്ല. ദയ ഏറെയുണ്ടുതാനും.



അച്യുതാ, നീയെന്നെ
തെറ്റിദ്ധരിച്ചുകളഞ്ഞല്ലൊ.
ഭരതവംശം നശിക്കാതിരിക്കണം
എന്ന ആഗ്രഹം കൊണ്ടു മാത്രമാണു
ഞാൻ ശാന്തിവാക്കുകൾ പറഞ്ഞത്.

ശ്രീകൃഷ്ണനിതു കേട്ടപ്പോൾ തീരെ സന്തോഷം തോന്നിയില്ല. അങ്കക്കലിയടങ്ങാതെ എപ്പോഴും കൈകൾ കൂട്ടിത്തിരുമ്മിയും കൗരവരെ വെല്ലുവിളിച്ചും നടക്കുന്ന ഭീമനിൽ നിന്ന് ഇത്തരമൊരു ശാന്തികഥനം അദ്ദേഹം പ്രതീക്ഷിച്ചിരുന്നില്ല. കുന്നിൻമുകളിലെ ഉറവപോലെയും തീയുടെ തണുപ്പുപോലെയുമാണു ഭീമസേനന്റെ വാക്കുകൾ ശ്രീകൃഷ്ണന് അനുഭവപ്പെട്ടത്. അതിലെ അപകട സൂചന കണ്ടറിഞ്ഞ കൃഷ്ണൻ അഗ്നിയെ കാറ്റുപോലെ, വൃകോദരനെ ജ്വലിപ്പിക്കാനുദ്ദേശിച്ചു പറഞ്ഞുതുടങ്ങി:

ഭീമസേനാ, നീ മുൻപൊന്നും ഇങ്ങനെയായിരുന്നില്ലല്ലൊ. ക്രൂരധാർത്തരാഷ്ട്രന്മാരെ നശിപ്പിക്കാൻ എപ്പോഴും യുദ്ധം വേണമെന്നു പറഞ്ഞുനടന്ന നിനക്കെന്തുപറ്റി? കൗരവരോടുള്ള പക മൂത്ത് ഉറക്കം വരാതെ കിടക്കുന്നവനായിരുന്നല്ലൊ നീ. ശമത്തെപ്പറ്റിയുള്ള ചിന്തപോലുമില്ലാതെ നീയെപ്പോഴും പരുഷമൊഴി പറഞ്ഞു നടന്നിരുന്നല്ലൊ. കോപം കൊണ്ടു നെടുവീർപ്പിട്ടു തീപോലെ നീ ആളിക്കത്തുമായിരുന്നല്ലൊ. ചാരം മൂടിയ തീപോലെ നിരന്തരം പുകയുമായിരുന്നല്ലൊ. ആരോടും ഒത്തുപോകാതെ, ആരെയും അഭിനന്ദിക്കാതെ ഒറ്റയ്ക്കു നടന്നവൻ. കോപം കൊണ്ടു പെട്ടെന്നു ജ്വലിച്ചും പിന്നെ കരഞ്ഞും മുട്ടിന്മേൽ തലവച്ചും കണ്ണുചിമ്മിയും പുരികം വളച്ചും ചുണ്ടുകടിച്ചും എങ്ങനെയെല്ലാം ഹൃദയം പൊട്ടിപ്പോകാതെ പിടിച്ചുനിന്നിരുന്നു. ദുര്യോധനനെ ഗദകൊണ്ടടിച്ചുകൊല്ലുമെന്നു നിരന്തരം പ്രതിജ്ഞയെടുത്തിരുന്നല്ലൊ. അങ്ങനെയുള്ള നിനക്കു ഭീമസേനാ, എന്താണുപറ്റിയത്?

അത്ഭുതംതന്നെ, ചില യുദ്ധക്കൊതിയന്മാർക്കു യുദ്ധം പടിക്കലെത്തുമ്പോൾ മനസ്സു തിരിഞ്ഞു പോകുമെന്നു കേട്ടിട്ടുണ്ട്. അതുതന്നെയാവണം നിനക്കും സംഭവിച്ചിരിക്കുന്നത്. ഭീമാ, പേടിതോന്നുന്നുണ്ടോ? ഷണ്ഡനെപ്പോലെ, നീ നിന്നിൽ ആണത്തം കാണുന്നില്ലെന്നു വരുമോ? ഹൃദയം പിടയ്ക്കുകയും മനസ്സുതുള്ളുകയും ചെയ്യുന്നുണ്ടാവാം. തുടകൾ വിറയ്ക്കുന്നുണ്ടാവാം. അതാവാം ശമം ഇച്ഛിക്കാൻ കാരണം. കാറ്റത്തു ചിതറിപ്പോകുന്ന ഇലവിൻ പഞ്ഞിപോലെ മനുഷ്യന്റെ മനസ്സും ചിലപ്പോൾ ചഞ്ചലമായിത്തീരും. നിന്റെ മനസ്സിപ്പോൾ വല്ലാതെ ഇളകിമറിയുകയാണ്. അല്ലെങ്കിൽ ഭീമസേനനു യോജിക്കാത്ത വാക്കുകൾ കേട്ടു ഞാൻ ആശ്ചര്യപ്പെട്ടുപോകുന്നു. നിന്റെ കർമവും പാണ്ഡവകുലത്തിലെ ജന്മവും ഓർത്തു ഭീമസേനാ, ഉണർന്നാലും. സ്ഥൈര്യം ആർജിക്കുക. ക്ഷത്രിയനു ചേർന്നതല്ല നിന്റെ വാക്കുകൾ. സ്വന്തം കരബലംകൊണ്ടു നേടാത്തതൊന്നും ക്ഷത്രിയൻ അനുഭവിക്കാറില്ല.

അച്യുതാ, നീയെന്നെ തെറ്റിദ്ധരിച്ചുകളഞ്ഞല്ലൊ. ഭരതവംശം നശിക്കാതിരിക്കണം എന്ന ആഗ്രഹം കൊണ്ടു മാത്രമാണു ഞാൻ ശാന്തിവാക്കുകൾ പറഞ്ഞത്.

ഭീമൻ ശ്രീകൃഷ്ണനോടു സ്വന്തം നിലപാടു വിശദീകരിച്ചു.

എനിക്കെന്റെ ശക്തിയെപ്പറ്റി നല്ല ബോധ്യമുണ്ട്. അതു നിനക്കും അറിയാം. ഞാൻ എതിർക്കുന്നവനെ രക്ഷിക്കാൻ ത്രിലോകങ്ങളിൽ ആരുമില്ല. എന്റെ ഈ ഇരുമ്പുദണ്ഡുകൾ പോലുള്ള കൈകൾക്കുള്ളിൽ പെട്ടാൽ, ഹിമാലയവും വൻകടലും, വജ്രായുധനായ ഇന്ദ്രൻ പോലും രക്ഷപെടില്ല. പിന്നെയല്ലേ മനുഷ്യൻ. പാണ്ഡവരോടു യുദ്ധം ചെയ്യാൻ വരുന്നവരൊക്കെ എന്റെ കാല്ച്ചോട്ടിൽ വീണുപിടയും. എന്റെ ഹൃദയം പിടയ്ക്കുന്നില്ല കൃഷ്ണാ. മനസ്സു തളരുന്നുമില്ല. കാലുകൾ വിറയ്ക്കുന്നുമില്ല. സൗഹൃദം കൊണ്ടും സഹോദര ചിന്തകൊണ്ടും എല്ലാം വേണമെങ്കിൽ മറക്കാം എന്നു പറഞ്ഞെന്നേയുള്ളു ഭീമൻ - അസ്വസ്ഥനായി.

പരിഭവിക്കണ്ട ഭീമസേനാ, ആശ്വസിപ്പിച്ചു കൊണ്ടു ശ്രീകൃഷ്ണൻ തടഞ്ഞു പറഞ്ഞു. നിന്റെ മനസ്സ് ഒന്നുകൂടി ഉറപ്പിക്കാൻ വേണ്ടി പറഞ്ഞതാണ്. ആക്ഷേപിക്കാനോ കോപിപ്പിക്കാനോ ഉദ്ദേശിച്ചല്ല. എനിക്കു നിന്റെ മഹത്വമറിയാം, കർമങ്ങളും ശക്തിയും നന്നായറിയാം. നിന്റെ മനസ്സ് എത്രത്തോളം നന്മനിറഞ്ഞതാണെന്നുമറിയാം. ജനിച്ച വംശത്തിന്റെ മഹത്വം നിന്റെ ചിന്തകളിലും വാക്കുകളിലും കർമങ്ങളിലും തിളങ്ങുന്നു. പലപ്പോഴും മറ്റുള്ളവർ നമ്മിലെ നന്മ തിരിച്ചറിയുന്നില്ല. ധർമനീതികൾക്കനുസരിച്ചു മാത്രമേ നമ്മൾ പ്രവർത്തിക്കാവൂ. എന്നാലും മനുഷ്യന്റെ കർമങ്ങളെ ദൈവം നിഷ്ഫലമാക്കിയെന്നുവരാം. പൗരുഷം കൊണ്ടു ചിലപ്പോൾ നമ്മൾ ദൈവകർമത്തെ തടയുമ്പോൾ ദൈവം സ്വന്തം നിശ്ചയം മാറ്റിവച്ചെന്നും വരാം. കർമം ചെയ്യുകയെന്നതാണു ലോകധർമം. അതുപേക്ഷിക്കുന്നവൻ ബുദ്ധിമാനല്ല. ഫലം ദൈവം തരും. ആ തത്വമറിഞ്ഞു പ്രവർത്തിക്കുന്നവൻ കർമഫലത്തെ ചൊല്ലി ആകുലപ്പെടില്ല. ഫലിക്കുമ്പോൾ ആഹ്ലാദിക്കുകയോ ഫലിക്കാതെ വരുമ്പോൾ ദുഃഖിക്കുകയോ ചെയ്യില്ല.

ഭീമാ, നാളെ ഞാൻ ധൃതരാഷ്ട്രരുടെ അടുത്തുചെന്നു നിങ്ങൾക്കു വേണ്ടി സംസാരിക്കാം. നിങ്ങൾക്കു കിട്ടേണ്ടതു വാങ്ങിയെടുക്കാൻ ശ്രമിക്കാം. അവർ സഹായത്തിനു തയ്യാറായാൽ അവർക്കും നിങ്ങൾക്കും നന്മയുണ്ടാകും. എനിക്കു യശസ്സുമുണ്ടാകും. അതല്ല, എന്റെ വാക്കു കേൾക്കാൻ അവർ തയ്യാറാകുന്നില്ലെങ്കിൽ ഇവിടെ ഭയങ്കരമായ യുദ്ധം തന്നെ നടക്കാം. യുദ്ധമുണ്ടായാൽ ഭാരം മുഴുവൻ നിനക്കായിരിക്കും. ശത്രുക്കളെ തച്ചുതകർത്തു സ്വന്തം വംശത്തെയും സഹോദരങ്ങളെയും രക്ഷിക്കേണ്ടതു നീയാണ്.

യുദ്ധം നടന്നാൽ ഞാൻ അർജുനന്റെ തേരാളിയായിരിക്കും. അവന്റെ ആഗ്രഹം കൂടിയാണത്. യുദ്ധം നടക്കരുത് എന്ന നിർബന്ധമൊന്നും എനിക്കില്ല. ഒഴിവാകുമെങ്കിൽ ഒഴിവാകട്ടെ എന്നേയുള്ളു. അതുകൊണ്ടു ഭീമാ, നീ ക്ലീബനെപ്പോലെ സംസാരിച്ചപ്പോൾ നിന്റെ തേജസ്സൊന്നു ജ്വലിപ്പിക്കാൻ ഞാൻ ശ്രമിച്ചെന്നേയുള്ളൂ. സന്ധി ഭീരുവിന്റെയോ പരാജിതന്റെയോ അടയാളമല്ല. അതു വിജയം വരിച്ചവന്റെ കീർത്തിമുദ്രയായിരിക്കണം- ശ്രീകൃഷ്ണൻ വീണ്ടും ഭീമനെ ആശ്വസിപ്പിക്കുകയും ഉണർത്തുകയും ചെയ്തു.

*(തുടരും)*

**ശ്രീകൃഷ്ണൻ പറഞ്ഞു**

*യ ഏവം കൃതബുദ്ധിഃ സ*
*കർമസ്വേവ പ്രവർത്തതേ*
*നാസിദ്ധൗ വ്യഥതേ തസ്യ*
*ന സിദ്ധൗ ഹർഷമശ്നുതേ*

(നല്ലതുപോലെ ആലോചിച്ചുറപ്പിച്ചു കർമങ്ങൾ ചെയ്യുന്നവൻ ഫലം ലഭിച്ചില്ലെന്നോർത്തു ദുഃഖിക്കില്ല; ഫലമുണ്ടായല്ലൊ എന്നോർത്തു സന്തോഷിക്കുകയുമില്ല.)




## ഇടതുസർക്കാരിന്റെ ജനദ്രോഹ ലോട്ടറി നയത്തിനെതിരെ യൂത്ത് ഫ്രണ്ട് (എം) പ്രതിഷേധം

# ലോട്ടറി വിവാദം ഇടതുസർക്കാരിന്റെ യഥാർത്ഥ മുഖം വെളിവാക്കി

**തോമസ് ഉണ്ണിയാടൻ എം.എൽ.എ**

അന്യസംസ്ഥാന ലോട്ടറികളുടെ നിയമവിരുദ്ധമായ നടത്തിപ്പു കഥകൾ പുറത്തുവന്നതോടെ ഇടതു സർക്കാരിന്റെയും ധനമന്ത്രി തോമസ് ഐസക്കിന്റെയും യഥാർത്ഥ മുഖം വെളിവായതായി കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ കുറ്റപ്പെടുത്തി.

കേരളാ യൂത്ത് ഫ്രണ്ട് (എം) തൃശൂർ ജില്ലാ കമ്മിറ്റിയുടെ കളക്ട്രേറ്റ് മാർച്ച് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.




*ധനമന്ത്രി തോമസ് ഐസക്ക് രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യൂത്ത് ഫ്രണ്ട് (എം) തൃശൂർ ജില്ലാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ കളക്ട്രേറ്റ് ധർണ കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. തോമസ് ഉണ്ണിയാടൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു.*

യൂത്ത്ഫ്രണ്ട് (എം) ജില്ലാ പ്രസിഡണ്ട് അഡ്വ. റോയി ജോർജ് അധ്യക്ഷത വഹിച്ചു.

കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി എ. എൽ. സെബാസ്റ്റ്യൻ, ജില്ലാ പ്രസിഡണ്ട് എം.പി. പോളി, സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റി അംഗം ബേബി മാത്യു കാവുങ്കൽ, കെ.വി കണ്ണൻ, വർഗീസ് തരകൻ, ജൂലിയസ് ആന്റണി, ജോൺ കാഞ്ഞിരത്തിങ്കൽ എന്നിവർ പ്രസംഗിച്ചു.

# തോമസ് ഐസക്കിന്റേത് രാഷ്ട്രീയ നാടകം

**അഡ്വ. ജോസ് ജോസഫ്**

ലോട്ടറി വിവാദത്തിൽ കുറ്റക്കാരനാണെന്നു തെളിഞ്ഞ ധനമന്ത്രി തോമസ് ഐസക്കിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ വെറും രാഷ്ട്രീയ നാടകം മാത്രമാണെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ജോസ് ജോസഫ് കുറ്റപ്പെടുത്തി.

കേരളാ സർക്കാരിന്റെ ലോട്ടറി നയത്തിൽ പ്രതിഷേധിച്ചും ധനമന്ത്രി ഐസക് രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടും യൂത്ത് ഫ്രണ്ട് (എം) ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പാലക്കാട് കളക്ട്രേറ്റിലേക്കു നടത്തിയ മാർച്ച് ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.



*ലോട്ടറി വിഷയത്തിൽ ധമന്ത്രി തോമസ് ഐസക്ക് തത്സ്ഥാനം രാജിവയ്ക്കണമെന്നാവശ്യപെട്ട് യൂത്ത് ഫ്രണ്ട് (എം) പാലക്കാട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കളക്ട്രേറ്റു മാർച്ച് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ജോസ് ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.*

ധനവകുപ്പിന്റെയും മന്ത്രിയുടെയും ഭാഗത്തുനിന്നു ലോട്ടറി വിഷയത്തിൽ ഉണ്ടായിരിക്കുന്നത് അക്ഷന്തവ്യമായ വീഴ്ചയാണ്. ഈ ഉത്തരവാദിത്വത്തിൽ നിന്നും ഒളിച്ചോടുവാൻ അവർക്കാർക്കും കഴിയുകയില്ല. അതിനാൽ തോമസ് ഐസക് ധനമന്ത്രി സ്ഥാനം രാജിവച്ച് അന്വേഷണത്തെ നേരിടാൻ തയ്യാറാകണമെന്നും ജോസ് ജോസഫ് ചൂണ്ടിക്കാട്ടി.

# മന്ത്രി തോമസ് ഐസക്ക് രാജിവച്ച് അന്വേഷണം നേരിടണം

**മുഹമ്മദ് ഇക്ബാൽ**

ലോട്ടറി രാജാക്കന്മാർക്ക് അനുകൂലമായ ഓർഡിനൻസിനു കൂട്ടുനിന്നു സംസ്ഥാനത്തെ കൊള്ളയടിക്കാൻ അവസരമൊരുക്കിയ ധനമന്ത്രി തോമസ് ഐസക് രാജിവച്ചു സി.ബി.ഐ അന്വേഷണം നേരിടണമെന്നു യൂത്ത് ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി മുഹമ്മദ് ഇക്ബാൽ ആവശ്യപ്പെട്ടു.

ഓൺലൈൻ ലോട്ടറി നിരോധനം നിയമത്തിലുള്ളതാണ്. നിയമത്തിലുള്ളതേ ചട്ടത്തിൽ നിലനില്ക്കൂ. ഇത് സംസ്ഥാനസർക്കാരിനു തന്നെ ചോദ്യംചെയ്യാവുന്ന കാര്യമാണ്. എന്നാൽ, നിയമലംഘനം നടത്തിയെന്നു വെറുതെ കേന്ദ്രസർക്കാരിനു കത്തെഴുതി തടിയൂരാനാണു മന്ത്രി ശ്രമിച്ചത്.

ലോട്ടറി വിവാദത്തിൽപെട്ട മന്ത്രി തോമസ് ഐസക് രാജിവച്ച് സി.ബി. ഐ അന്വേഷണം നേരിടണമെന്ന് ആവശ്യപ്പെട്ടു യൂത്ത് ഫ്രണ്ട് (എം) എറണാകുളം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കണയന്നൂർ താലൂക്ക് ഓഫീസിനു മുൻപിൽ സംഘടിപ്പിച്ച ധർണ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.




*ലോട്ടറിവിവാദത്തെക്കുറിച്ച് സി.ബി.ഐ അന്വേഷിക്കണമെന്നും മന്ത്രി തോമസ് ഐസക് രാജിവയ്ക്കണമെന്നും ആവശ്യപ്പെട്ടു യൂത്ത് ഫ്രണ്ട് (എം) എറണാകുളം ജില്ലാ കമ്മിറ്റി നടത്തിയ കണയന്നൂർ താലൂക്കോഫീസ് ധർണ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. മുഹമ്മദ് ഇക്ബാൽ ഉദ്ഘാടനം ചെയ്യുന്നു. പ്രിയേഷ്. കെ.മാത്യു, സി. കെ. സത്യൻ, കുരുവിള മാത്യൂസ്, ഗോഡ്‌വിൻ ജോർജ്. ജിൽസ് പെരിയപുറം, അന്റണി കിടങ്ങൻ, ജീവൻ മലയിൽ എന്നിവർ സമീപം.*

യൂത്ത് ഫ്രണ്ട് (എം) ജില്ലാ പ്രസിഡണ്ട് പ്രിയേഷ്.കെ.മാത്യു അധ്യക്ഷത വഹിച്ചു. പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി എം.എം. ഫ്രാൻസിസ്, സി.കെ. സത്യൻ, റോണി മാത്യു, ഗോഡ്‌വിൻ ജോർജ്, ജോബിൻ കണ്ണാത്തുകുഴി, കെ.എം. ജോർജ്, കുരുവിള മാത്യൂസ്, ജിൽസ് പെരിയപുറം, ജീസൺ ജോർജ്, പി.എം. സിദ്ദിഖ്, ബോബി ക്ലീറ്റസ്, ആന്റണി കിടങ്ങൻ, ജേക്കബ് ജോർജ്, ജീവൻ മലയിൽ, സുരേഷ് ആലപ്പാട്ട്, തോമസ് വർഗീസ്, ജോബി ജോസ്, സോണി ജോബ്, എൽദോസ് വർഗീസ്, സിറിയക് ഐപ്പ്, ശൈലേഷ് കുമാർ, ജോജി വിതയത്തിൽ, അഡ്വ. ജോസ് വർഗീസ് എന്നിവർ പ്രസംഗിച്ചു.

# വാർത്താകേരളം

## സി.പി.എം. മുതലാളിവർഗ സർവ്വാധിപത്യത്തിനു ശ്രമിക്കുന്നു

### കെ. എം. മാണി

തൊഴിലാളിവർഗ സർവാധിപത്യം സ്ഥാപിക്കുകയെന്ന മാർക്സിയൻ സങ്കല്പത്തിന്റെ അടിത്തറ ഇളക്കിമാറ്റി മാർക്സിസ്റ്റു പാർട്ടി മാഫിയാ-കുത്തക വ്യവസായികൾ ഉൾപ്പെടുന്ന മുതലാളിവർഗ സർവാധിപത്യത്തിനു ശ്രമിക്കുകയാണെന്നു കെ.എം. മാണി ആരോപിച്ചു. കേരളാ കോൺഗ്രസ് (എം) കിടങ്ങൂർ മണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ടു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

തൊഴിലാളിവർഗത്തിന്റെ പണം പിരിച്ചു പാർട്ടി വൻകിട വ്യവസായങ്ങൾ ആരംഭിച്ചിരിക്കുന്നു. ഇതിനുവേണ്ടി കേരളത്തിൽ അടിച്ചമർത്തൽ ഭരണവും മനുഷ്യാവകാശ ധ്വംസനങ്ങളുമാണ് നടക്കുന്നത്.



കേരളാ കോൺഗ്രസ് (എം) കിടങ്ങൂർ മണ്ഡലം കൺവെൻഷൻ കെ.എം. മാണി എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.

ടൗണിൽ പ്രകടനത്തിനുശേഷം നടന്ന കൺവെൻഷനിൽ മണ്ഡലം പ്രസിഡണ്ട് പ്രദീപ് വലിയപറമ്പിൽ അധ്യക്ഷത വഹിച്ചു. അഡ്വ. മോൻസ് ജോസഫ് എം.എൽ.എ, സ്റ്റീഫൻ ജോർജ് എക്സ്. എം.എൽ.എ, ഇ.ജെ. ആഗസ്തി, എം.എസ് ജോസ്, പ്രൊഫ. മേഴ്സി ജോൺ, സണ്ണി തെക്കേടം, സഖറിയാസ് കുതിരവേലി, മാഞ്ഞൂർ മോഹൻ കുമാർ, പി.ടി. ജോസഫ് പുറത്തേൽ, ജോസ് കുര്യൻ മംഗലത്ത്, ജോസ്മോൻ മുണ്ടയ്ക്കൽ, സി.എം. ജയിംസ്, മത്തായി മംഗലത്ത്, ബോബിച്ചൻ കീക്കോലിൽ, അപ്പച്ചൻ പാറത്തൊട്ടി, ആന്റണി വളർകോട്ട്, ജോഷി കുമ്പിയ്ക്കൽ, തോമസ് മാളിയേക്കൽ, പി.കെ. രാജു, കുഞ്ഞുമോൻ ഒഴുകയിൽ, ജോയി സി. കാപ്പൻ, ജോബി മാളിയേക്കൽ, ബേബി കാഞ്ഞിമറ്റം, സിറിയക് പായിക്കാട്ട്, ജോസ് തടത്തിൽ, ജോമോൻ പള്ളിപ്പറമ്പിൽ, ഷാജി മാവേലിൽ, എൻ. വിജയൻ, രാജേഷ് തിരുമല എന്നിവർ പ്രസംഗിച്ചു.

## ഇടതു മുന്നണി തകർന്നടിയും

### ജോസ് കെ.മാണി എം. പി.

ത്രിതലപഞ്ചായത്തു തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി തകർന്നടിയുമെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ജോസ് കെ.മാണി എം.പി. പറഞ്ഞു.

സംസ്ഥാനസർക്കാരിന്റെ തെറ്റായ നയങ്ങൾക്കെതിരെയുള്ള ജനവികാരം ശക്തമാണ്. വികസന പ്രവർത്തനങ്ങളിലാകെ അഴിമതി കുത്തിനിറച്ചും തൊഴിലവസരങ്ങൾ നിഷേധിച്ചുമുള്ള ഭരണമാണു കേരളത്തിൽ നടക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ആനുകൂല്യങ്ങൾ പോലും സംസ്ഥാന സർക്കാരിന്റെ പിടിപ്പുകേടുമൂലം ജനങ്ങളിലെത്തുന്നില്ലെന്നും ജോസ് കെ. മാണി ചൂണ്ടിക്കാട്ടി.



കേരളാ യൂത്ത് ഫ്രണ്ട് (എം) കോട്ടയം നിയോജകമണ്ഡലം നേതൃസംഗമം കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ജോസ് കെ.മാണി എം.പി. ഉദ്ഘാടനം ചെയ്യുന്നു.

കേരളാ യൂത്ത്ഫ്രണ്ട് (എം) കോട്ടയം നിയോജകമണ്ഡലം നേതൃസംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന പ്രസിഡണ്ട് അഡ്വ. ജോബ് മൈക്കിൾ മുഖ്യപ്രഭാഷണം നടത്തി. ജോജി കുറത്തിയാടൻ, അഡ്വ. പ്രിൻസ് ലൂക്കോസ്, വിജി എം.തോമസ്, മാലേത്ത് പ്രതാപചന്ദ്രൻ, ഷാജൻ കട്ടച്ചിറ, അജി. കെ. ജോസ്, എബി പൊന്നാട്ട്, സെബാസ്റ്റ്യൻ ജോസ്, ജ്യോതിഷ് മോഹൻ എന്നിവർ പ്രസംഗിച്ചു.

## സംസ്ഥാന സർക്കാർ സമസ്ത മേഖലകളിലും പരാജയം

### ഡോ. കെ. സി. ജോസഫ് എക്സ് എം. എൽ. എ.

പൊതുജനക്ഷേമവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും ഇടതു സർക്കാർ തികഞ്ഞ പരാജയമാണെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ. കെ.സി. ജോസഫ് ചൂണ്ടിക്കാട്ടി.

ഇടതുമുന്നണിയുടെ ഭരണ പരാജയം ത്രിതല പഞ്ചായത്തു തെരെഞ്ഞെടുപ്പിൽ യു.ഡി.എഫിന് അനുകൂലമാകും. മാലിന്യ നിർമാർജന കാര്യത്തിൽ സംസ്ഥാന സർക്കാരും ഇടതു മുന്നണി ഭരിക്കുന്ന പഞ്ചായത്തുകളും തികച്ചും പരാജയമാണ്. യു.ഡി.എഫ് ഭരണകാലഘട്ടത്തിൽ നല്കിയ പദ്ധതിവിഹിതത്തെക്കാൾ 7 ശതമാനം കുറച്ചാണ് ഇപ്പോഴത്തെ ധനമന്ത്രി പഞ്ചായത്തുകൾക്കു പദ്ധതി വിഹിതം നല്കുന്നത്. ലോട്ടറി വിവാദം, മദ്യദുരന്തം, അട്ടപ്പാടിയിലെ ഭൂമിതട്ടിപ്പ്, തെരെഞ്ഞെടുപ്പു ചട്ടം മറികടന്ന് ആരോഗ്യവകുപ്പിൽ നടത്തിയ കൂട്ടസ്ഥലംമാറ്റം, സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ അനിശ്ചിതാവസ്ഥ എന്നിവയെല്ലാം ഇടതുമുന്നണി ഭരണവീഴ്ചകളാണ്. ഇതെല്ലാം ജനങ്ങളെ യു.ഡി.എഫിന് അനുകൂലമായി ചിന്തിപ്പിക്കുമെന്നു ഡോ. കെ.സി. ജോസഫ് കൂട്ടിച്ചേർത്തു.



യൂത്ത് ഫ്രണ്ട് (എം) ആലപ്പുഴ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പഞ്ചായത്ത് രാജ് ശില്പശാല ഡോ. കെ.സി. ജോസഫ് എക്സ്.എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. അഡ്വ. ജേക്കബ് ഏബ്രഹാം, അഡ്വ. ജോസഫ് മാത്യു, ജോസ് കോയിപ്പള്ളി, നസീർ സലാം, അഡ്വ. പ്രദീപ് കൂട്ടാല എന്നിവർ സമീപം.

യൂത്ത്ഫ്രണ്ട് (എം) ആലപ്പുഴ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പഞ്ചായത്ത് രാജ് ജില്ലാതല ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

അഡ്വ. ജോസഫ് മാത്യു അധ്യക്ഷ വഹിച്ചു. അഡ്വ. ജേക്കബ് ഏബ്രഹാം, ജോസ് കോയിപ്പള്ളി, ഷിബു മണല, നസീർ സലാം, അഡ്വ. പ്രദീപ് കൂട്ടാല, ഷിബു ലൂക്കോസ്, ബിനു നാല്പതിൽ, കണ്ണൻ, ജേക്കബ് സാണ്ടർ, ജോസ് ചുങ്കപ്പുര, ജോപ്പൻ ജോയി എന്നിവർ പ്രസംഗിച്ചു.




# ഇടതുഭരണം ഭയാനകം

**എ.എൽ. സെബാസ്റ്റ്യൻ**

കേരളം കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും ഭയാനകവും പിടിപ്പുകേടിന്റെ പര്യായവുമായി ഇടതുപക്ഷ ഭരണം മാറിയിരിക്കുകയാണെന്ന് കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി എ.എൽ. സെബാസ്റ്റ്യൻ പറഞ്ഞു. കേരള ജനതയുടെ നന്മ ആഗ്രഹിക്കുന്നുവെങ്കിൽ എൽ.ഡി.എഫ് സർക്കാർ എത്രയും പെട്ടെന്ന് രാജിവച്ച് മാതൃക കാണിക്കണം. തൃശൂർ ജില്ലയിലെ പാവറട്ടി മണ്ഡലം കേരളാ കോൺഗ്രസ് (എം) കൺവെൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിലെ കർഷകരുടെ കണ്ണീരൊപ്പാനെന്ന് അവകാശപ്പെട്ടു കപട നാടകം കളിച്ച് അധികാരത്തിലെത്തിയവർ ഇന്നു ലോട്ടറി മാഫിയയുടെ ദല്ലാളന്മാരായി മാറിയിരിക്കുകയാണ്. കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനോ നാളികേരത്തിന്റെയും അടയ്ക്കയുടെയും വിലയിടിവിനു ശാശ്വത പരിഹാരം കാണുവാനോ ഇടതുപക്ഷ സർക്കാർ ശ്രമിക്കുന്നില്ല. സമസ്ത മേഖലയിലും അഴിമതിയും ദുർഭരണവും കൊടികുത്തി വാഴുന്നു ഈ ഭരണത്തിനെതിരെ വരാനിരിക്കുന്ന ത്രിതല പഞ്ചായത്തു തെരെഞ്ഞെടുപ്പിൽ ബാലറ്റു പേപ്പറിലൂടെ മറുപടി നല്കുവാൻ കേരളത്തിലെ മുഴുവൻ ജനങ്ങളും തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.


കേരളാ കോൺഗ്രസ് (എം) പാവറട്ടി മണ്ഡലം സമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി എ.എൽ. സെബാസ്റ്റ്യൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.

തൃശൂർ ജില്ലാ പ്രസിഡണ്ട് എം.പി. പോളി മുഖ്യ പ്രഭാഷണം നടത്തി. മണ്ഡലം പ്രസിഡണ്ട് വി.ജെ. വർഗീസ് അധ്യക്ഷത വഹിച്ചു.

നിയോജകമണ്ഡലം പ്രസിഡണ്ട് എ.എൽ. ആന്റണി, ജില്ലാ വൈസ് പ്രസിഡണ്ട് ഡോ. വി.എ. രാമചന്ദ്രൻ, ജില്ലാ സെക്രട്ടറിമാരായ എ.സി. ജോർജ്, പി.കെ. ജോൺസൺ, കെ.ടി.യു.സി. ജില്ലാ പ്രസിഡണ്ട് സി.എ. സണ്ണി, പി.ജെ. ജോസഫ്, ടി.കെ. ജേക്കബ്, വർഗീസ് പാവറട്ടി, ആന്റപ്പൻ വി.എൽ, എം.കെ. മാണി, ബൈജു ലൂവീസ്, സി. ആന്റണി, പി.വി ഡേവിഡ്, എ.എ ജോസഫ് എന്നിവർ പ്രസംഗിച്ചു.

## വിദ്യാഭ്യാസ നിലവാരം ഉയർന്നെന്ന ബേബിയുടെ പ്രസ്താവന ഏറ്റവും വലിയ തമാശ

**കെ.എസ്.സി (എം)**


കെ.എസ്.സി (എം) പത്തനംതിട്ട ജില്ലാ കൺവെൻഷൻ സംസ്ഥാന പ്രസിഡണ്ട് പന്മന മഞ്ജേഷ് ഉദ്ഘാടനം ചെയ്യുന്നു.

കേരളത്തിൽ വിദ്യാഭ്യാസഗുണനിലവാരം ഉയർന്നെന്ന വിദ്യാഭ്യാസമന്ത്രി എം.എ. ബേബിയുടെ പ്രസ്താവന ഈ വർഷത്തെ ഏറ്റവും വലിയ തമാശയാണെന്നു കെ.എസ്.സി. (എം) സംസ്ഥാന പ്രസിഡണ്ട് പന്മന മഞ്ജേഷ് പറഞ്ഞു. കെ.എസ്.സി (എം) പത്തനംതിട്ട ജില്ലാ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഇതു സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ രംഗത്തെ മൂല്യബോധത്തെയും വിശ്വാസ്യതയെയും കെടുത്താനേ ഉതകൂ. അന്യസംസ്ഥാന വിദ്യാഭ്യാസ ലോബികൾക്കു കുടപിടിക്കുന്ന സമീപനം പിന്തുടരുന്ന വിദ്യാഭ്യാസമന്ത്രി കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ അധഃപതനത്തിലെത്തിച്ചിരിക്കുകയാണ്- പന്മന മഞ്ജേഷ് പറഞ്ഞു.

കെ.എസ്. സി.(എം) പത്തനംതിട്ട ജില്ലാ പ്രസിഡണ്ട് സ്കോട്ട് സ്ലീബാ പുളിമൂടൻ അധ്യക്ഷത വഹിച്ചു. കേരളാ കോൺഗ്രസ് (എം) സംസ്ഥാന സെക്രട്ടറി കുഞ്ഞ് കോശി പോൾ, ബിജോയി തോമസ്, സ്ലീബാ പുളിമൂടൻ, റെജോ കടവൻ, ജോജി വി. തോമസ്, ബോബി കാക്കനപ്പള്ളി, അഖിൽ.സി.നായർ, ഫിന്നി തോമസ് രാജു, ജിജോ ഈശോ, ജയ്സൺ ജോർജ് എന്നിവർ പ്രസംഗിച്ചു.

## മേരി ഹർഷ പ്രസിഡണ്ട്

കേരളാ വനിതാ കോൺഗ്രസ് (എം) എറണാകുളം ജില്ലാ പ്രസിഡണ്ടായി മേരി ഹർഷയെ തെരെഞ്ഞെടുത്തു. കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അറയ്ക്കൽ ബാലകൃഷ്ണപിള്ള അധ്യക്ഷത വഹിച്ച യോഗം. മുൻ എം.പി ഫ്രാൻസിസ് ജോർജ് ഉദ്ഘാടനം ചെയ്തു

കൊച്ചി കോർപറേഷൻ കൗൺസിലർ, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതാ ജനറൽ സെക്രട്ടറി, വനിതാ കോൺഗ്രസ് (എം) ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ മേരി ഹർഷ പ്രവർത്തിച്ചിട്ടുണ്ട്.

കൂവപ്പടി ഗ്രാമപഞ്ചായത്ത് അംഗം


മേരി ഹർഷ


ജാൻസി ജോർജ്

ജാൻസി ജോർജിനെ കേരളാ വനിതാ കോൺഗ്രസ് എറണാകുളം ഓഫീസ് ചാർജ് ആയും തെരെഞ്ഞെടുത്തു.

## കേരളാ ദളിത് ഫ്രണ്ട് (എം) സംസ്ഥാന ഭാരവാഹികൾ


**പോരുവഴി കെ. ഓമനക്കുട്ടൻ**

*(വൈസ് പ്രസിഡണ്ട്)*

ദളിത് ഫ്രണ്ട് (എം) കൊല്ലം ജില്ലാ മുൻ ജനറൽ സെക്രട്ടറിയായിരുന്ന ഇദ്ദേഹം കേരളാ കോൺഗ്രസ് (എം) കുന്നത്തൂർ നിയോജകമണ്ഡലം ജനറൽ സെക്രട്ടറിയുമാണ്.


**കെ. സുകുമാരൻ ജോത്സ്യൻ**

*(വൈസ് പ്രസിഡണ്ട്)*

മൂവാറ്റുപുഴ ദളിത് ഫ്രണ്ട് (എം) സംസ്ഥാന വൈസ് പ്രസിഡണ്ട്.


**സനൽ രാഘവൻ**

*(സ്റ്റീയറിംഗ് കമ്മിറ്റി അംഗം)*

ദളിത് ഫ്രണ്ട് (എം) പാലാ ടൗൺ മണ്ഡലം പ്രസിഡണ്ടു കൂടിയാണ്.


**ബെന്നി പുതപ്പാടി**

*(ജനറൽ സെക്രട്ടറി)*

ഇടുക്കി പാണ്ടിപ്പാറ പട്ടികവർഗ്ഗ ഊരുമൂപ്പൻ കൗൺസിൽ സംസ്ഥാന പ്രസിഡണ്ടു കൂടിയാണ്.


**കെ.പി. പീറ്റർ കിഴക്കേമല**

*(സ്റ്റീയറിംഗ് കമ്മിറ്റി അംഗം)*

ദളിത് ഫ്രണ്ട് (എം) മീനച്ചിൽ മണ്ഡലം പ്രസിഡണ്ട്, പാലാ നിയോജക മണ്ഡലം സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിക്കുന്നു.


**സിബി അഗസ്റ്റിൻ കടുകത്ത്**

*(ജനറൽ സെക്രട്ടറി)*

ദളിത് ഫ്രണ്ട് (എം) പാലാ നിയോജമകമണ്ഡലം പ്രസിഡണ്ടു കൂടിയാണ്.

# ന്യൂസ് ഡയറി

**25 സെപ്റ്റംബർ -1 ഒക്ടോബർ 2010**

**പി. ആർ**




**25.** അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ടായി ഡോ. ടി. എൻ. സീമ എം.പിയെ തെരഞ്ഞെടുത്തു.



- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു നടക്കുന്ന തിരഞ്ഞെടുപ്പിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണം വിലയിരുത്തപ്പെടുമെന്നു മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ.



**26.** കേരളാ ക്രിസ്ത്യൻ പ്രൊഫഷണൽ കോളജ് മാനേജുമെന്റു ഫെഡറേഷനു കീഴിലുള്ള നാലു മെഡിക്കൽ കോളജുകളിലെ പ്രവേശനം സുതാര്യമല്ലെന്നു ജസ്റ്റിസ് പി.എ. മുഹമ്മദ് കമ്മിറ്റി നിയോഗിച്ച ഉപസമിതി വിലയിരുത്തി.



- അന്യസംസ്ഥാന ലോട്ടറി നിയന്ത്രണ ഓർഡിനൻസിനെതിരെ ലോട്ടറി വിതരണക്കാരായ മേഘാ ഡിസ്ട്രിബ്യൂട്ടേഴ്സിനു വേണ്ടി കോൺഗ്രസ് വക്താവും അഭിഭാഷകനുമായ അഭിഷേക് മനു സിങ്‌വി ഹൈക്കോടതിയിൽ ഹാജരായി.



**27.** സി.പി.എമ്മും അവർ നേതൃത്വം കൊടുക്കുന്ന സർക്കാരും മദ്യ,ലോട്ടറി, ഭൂമാഫിയകളുടെ പിടിയിലാണെന്നു കേരളാ കോൺഗ്രസ് (എം) ചെയർമാൻ കെ.എം.മാണി.

- പുരോഗമനവാദിയും മതപ്രഭാഷകനുമായിരുന്ന ചേകന്നൂർ മൗലവിയെ കൊലപ്പെടുത്തിയതാണെന്നും ഒന്നാം പ്രതി മലപ്പുറം സ്വദേശി വി.വി. ഹംസ കുറ്റക്കാരനാണെന്നും പ്രത്യേക സിബിഐ കോടതി വിധിച്ചു.

**28.** എടത്വാ സെന്റ് ജോർജ് ഫൊറോന പ്പള്ളി സ്ഥാപിതമായിട്ട് 200 വർഷം തികഞ്ഞു.

- അന്യസംസ്ഥാന ലോട്ടറി നിയന്ത്രണ ഓർഡിനൻസ് കേസു ഹൈക്കോടതിയിൽ വാദിക്കുന്നതിൽ നിന്നും പൊതുവികാരം മാനിച്ചു പിൻവാങ്ങുകയാണെന്നു കോൺഗ്രസ് വക്താവു കൂടിയായ അഭിഷേക് സിങ്‌വി.

**29.** ചേകന്നൂർ മൗലവി വധക്കേസിൽ ഒന്നാംപ്രതി വി.വി. ഹംസയ്ക്കു പ്രത്യേക സിബിഐ കോടതി ഇരട്ട ജീവപര്യന്തം കഠിനതടവും ഒരു ലക്ഷം രൂപ പിഴയും വിധിച്ചു.

- സംസ്ഥാനസർക്കാരുമായി കരാർ ഒപ്പുവച്ച 11 സ്വാശ്രയ മെഡിക്കൽ കോളജുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളോടു നാലുവർഷത്തെ ഫീസിനു തുല്യമായ തുക ബാങ്കുഗ്യാരണ്ടിയായി വാങ്ങുന്നതു വിലക്കിയ സിംഗിൾ ബഞ്ചിന്റെ ഉത്തരവു ഹൈക്കോടതി ഡിവിഷൻ ബഞ്ചു റദ്ദാക്കി.

**30.** കോളജുകളുടെ സൗകര്യം പരസ്പരം ഉപയോഗിക്കാനായി സംസ്ഥാനത്തെ എല്ലാ അഫിലിയേറ്റഡ് കോളജുകളെയും ഏതെങ്കിലും കോളജ് ക്ലസ്റ്ററിൽ ഉൾപ്പെടുത്താൻ ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച സമിതി ശുപാർശ ചെയ്തു.

- പദ്ധതി കൺസൾട്ടന്റായ ഇന്റർനാഷണൽ ഫിനാൻസ് കോർപറേഷൻ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അന്തിമ രൂപരേഖ സംസ്ഥാന സർക്കാരിനു സമർപ്പിച്ചു.

**1.** മലപ്പുറത്ത് 26 പേരുടെ മരണത്തിനിടയാക്കിയ വിഷക്കള്ളിൽ ഒരു തുള്ളി പോലും യഥാർത്ഥ കള്ള് ഉണ്ടായിരുന്നില്ലെന്നു ഫോറൻസിക് പരിശോധനയിൽ കണ്ടെത്തി.

- മത്സരിക്കാൻ വിജയ സാധ്യതയില്ലാത്ത വാർഡു നല്കിയതിൽ പ്രതിഷേധിച്ചു പാലക്കാട് നഗരസഭാധ്യക്ഷ ബി. ദേവയാനി കോൺഗ്രസിൽ നിന്നു രാജിവച്ചു ബി.ജെ.പിയിൽ ചേർന്നു.




**25.** കാശ്മീരിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി എട്ടിന ഫോർമുല കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു.

- രാജ്യസഭാംഗവും സാമ്പത്തിക ശാസ്ത്രജ്ഞനുമായ ഡോ. അർജുൻ കുമാർ സെൻഗുപ്ത (73) അന്തരിച്ചു.



**26.** പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന് 78 വയസ്സു തികഞ്ഞു.

- അഞ്ചുവർഷത്തെ സേവനം പൂർത്തിയാക്കി ലോക്സഭാ സെക്രട്ടറി ജനറൽ പദവിയിൽ നിന്നും പി.ഡി.ടി. ആചാരി വിരമിക്കുന്ന ഒഴിവിൽ മുൻ സെക്രട്ടറി ടി.കെ. വിശ്വനാഥനെ നിയമിച്ചു സ്പീക്കർ മീരാകുമാർ ഉത്തരവിറക്കി.



- 1998ലെ ലോട്ടറി നിയമത്തിലെ ചട്ടം നാലു ലംഘിക്കുന്ന അന്യസംസ്ഥാന ലോട്ടറികൾക്കെതിരെ നടപടിയെടുക്കാൻ സംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ടെന്നു കേന്ദ്രമന്ത്രി പ്രണബ് മുഖർജി.

**27.** അയോധ്യാതർക്കസ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച നാലു കേസുകളിൽ, ചർച്ചയിലൂടെ പ്രശ്ന പരിഹാരത്തിനു ശ്രമിക്കുന്നതിനായി അലഹബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബഞ്ചിന്റെ വിധിപ്രഖ്യാപനം മാറ്റിവയ്ക്കണമെന്നാവശ്യപ്പെട്ടു രമേശ് ചന്ദ്ര ത്രിപാഠി നല്കിയ ഹർജി സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എസ്.എച്ച്. കപാഡിയ അധ്യക്ഷനായ ബഞ്ചു തള്ളി.

- പത്രസ്ഥാപനത്തിൽ നിന്ന് അച്ചടക്കലംഘനത്തിന്റെ പേരിൽ പിരിച്ചുവിട്ട പത്രപ്രവർത്തകനു ഗ്രാറ്റ്വിറ്റി നല്കാതിരിക്കാമെന്നു, മാതൃഭൂമി മുൻ അസിസ്റ്റന്റ് എഡിറ്റർ പി.രാജന്റെ അപ്പീൽ ഹർജി തള്ളിക്കൊണ്ടു സുപ്രീം കോടതി വ്യക്തമാക്കി.

**28.** തിരുവനന്തപുരം ഫോർട്ടു പോലീസ് സ്റ്റേഷൻ ലോക്കപ്പിൽ ഉദയകുമാർ എന്ന യുവാവിനെ ഉരുട്ടിക്കൊന്ന കേസ് സി.ബി.ഐക്കു വിട്ട ഹൈക്കോടതി വിധി ചോദ്യംചെയ്തു സമർപ്പിച്ച ഹർജി കാലഹരണപ്പെട്ടതായി പ്രഖ്യാപിച്ചു സുപ്രീം കോടതി തള്ളി.

- കേന്ദ്ര സംഗീത നാടക അക്കാദമിയുടെ അവാർഡുകൾ 37 കലാകാരൻമാർക്കു രാഷ്ട്രപതി പ്രതിഭാപാട്ടീൽ വിതരണം ചെയ്തു.



**29.** കാശ്മീരിൽ തെറ്റുകൾ സംഭവിച്ചതായി കേന്ദ്ര ആഭ്യന്തര സെക്രട്ടറി ജി.കെ.പിള്ള.

- വിരൽ, നേത്ര അടയാളങ്ങളുടെ അടിസ്ഥാനത്തിൽ രാജ്യത്തെ നൂറുകോടിയിൽപ്പരം ജനങ്ങൾക്ക് 'ആധാർ' എന്ന പേരിൽ സവിശേഷത തിരിച്ചറിയൽ കാർഡ് (യു.ഐ.ഡി) നല്കുന്ന സംരംഭത്തിന്റെ ഉദ്ഘാടനം മഹാരാഷ്ട്രയിലെ തേംബാളി ഗ്രാമത്തിൽ പ്രധാനമന്ത്രി മൻമോഹൻ സിംഗ്, യു.പി.എ അധ്യക്ഷ സോണിയാ ഗാന്ധി എന്നിവർ ചേർന്നു നിർവഹിച്ചു.

**30.** കോമൺവെൽത്ത് ഗെയിംസ് അനുബന്ധ പദ്ധതികളിൽ വ്യാപക അഴിമതി നടന്നിട്ടുണ്ടെന്നും ഇതിന്റെ ഉത്തരവാദിത്വം സർക്കാരിനാണെന്നും സുപ്രീം കോടതി.

- അയോധ്യയിലെ തർക്കഭൂമി ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും നിർമോഹി അഖാഡയ്ക്കുമായി മൂന്നായി വിഭജിക്കണമെന്നും അടുത്ത മൂന്നുമാസത്തേക്കു തത് സ്ഥിതി തുടരണമെന്നും അലഹബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബഞ്ചു വിധിച്ചു.



**1.** അയോധ്യാ തർക്കഭൂമി കേസിൽ അലഹബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബഞ്ചിന്റെ വിധിയ്ക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നല്കുമെന്നു കേസിലെ പ്രധാന കക്ഷിയായ ശ്രീരാമജൻമഭൂമി ട്രസ്റ്റും സുന്നി വഖബ് ബോർഡും പ്രഖ്യാപിച്ചു.

- കേരളത്തിലെ ഐ.പി.എസ് ഉദ്യോഗസ്ഥരുടെ എണ്ണം 142ൽ നിന്നും 163 ആയി ഉയർത്താൻ തീരുമാനിച്ചെന്നു കേന്ദ്ര ആഭ്യന്തരമന്ത്രി പി.ചിദംബരം.






**25.** സെപ്റ്റംബർ 11 ഭീകരാക്രമണത്തിനു പിന്നിൽ അമേരിക്ക തന്നെയാവാം എന്ന ഇറാൻ പ്രസിഡണ്ട് മഹ്മൂദ് അഹ്മദി നെജാദിന്റെ പ്രസ്താവന വിദ്വേഷം വളർത്തുക ലക്ഷ്യമിട്ടും മാപ്പർഹിക്കാത്തതുമാണെന്നു യു.എസ്. പ്രസിഡണ്ട് ബറാക് ഒബാമ.

- കേവല ഭൂരിപക്ഷം ലഭിക്കാത്തതിനെ തുർന്നു നേപ്പാളിൽ പ്രധാനമന്ത്രിയെ നിശ്ചയിക്കാനുള്ള തെരഞ്ഞെടുപ്പ് എട്ടാം പ്രാവശ്യവും പരാജയപ്പെട്ടു.

**26.** ബ്രിട്ടീഷ് രാജകുടുംബവും അതിന്റെ പാരമ്പര്യങ്ങളും മൂഢത്വവും കാലഹരണപ്പെട്ടതുമാണെന്നു വിശ്രുത എഴുത്തുകാരൻ സൽമാൻ റുഷ്ദി.

- അന്താരാഷ്ട്ര ആണവോർജ ഏജൻസി (ഐ.എ.ഇ.എ) അധ്യക്ഷസ്ഥാനത്തേക്കു പാക് ആണവോർജ കമ്മീഷൻ മേധാവി അൻസാർ പർവേസിനെ തെരഞ്ഞെടുത്തു.

- ഭരണത്തലവനും പാർട്ടി അധ്യക്ഷനും ഒരാളായിരിക്കാൻ പാടില്ലെന്ന ഭരണഘടനാ കോടതിയുടെ വിധിയെത്തുടർന്നു കൊസവോ പ്രസിഡണ്ട് ഫത്മിർ സെജ്ഡിയു രാജിവച്ചു.



**27.** ഭീകരവിരുദ്ധ പോരാട്ടത്തിനായി യു.എസ്. നല്കുന്ന ആയുധങ്ങളിൽ കുറെ പാകിസ്ഥാൻ ഇന്ത്യയ്ക്കെതിരെ പ്രയോഗിക്കുന്നതായി ദ്വിദിന വാഷിംഗ്ടൺ സന്ദർശനത്തിനെത്തിയ പ്രതിരോധ മന്ത്രി എ.കെ.ആന്റണി കുറ്റപ്പെടുത്തി.



- മുൻ ഇന്ത്യൻ പ്രസിഡണ്ട് എ.പി.ജെ. അബ്ദുൾ കലാമിനു കാനഡയിലെ വാട്ടർലൂ സർവകലാശാല എൻജിനീയറിംഗിൽ ഡോക്ട്രേറ്റു സമ്മാനിച്ചു.

**28.** ശക്തനായ ഒരു നേതാവാണു രാജ്യത്തിനാവശ്യമെന്നു തുറന്നടിച്ച മോസ്കോ മേയറും, പ്രധാനമന്ത്രി വ്ളാഡമിർ പുട്ടിന്റെ വിശ്വസ്തനുമായ യൂറി ലൂഷ്കോവിനെ റഷ്യൻ പ്രസിഡണ്ട് ദിമിത്രി മെദ്‌വദേവ് പരിച്ചുവിട്ടു.

- ഉത്തര വസീറിസ്ഥാനിലെ ഭീകര കേന്ദ്രങ്ങൾ നിർമാർജനം ചെയ്യാൻ പാക്കിസ്ഥാൻ സന്നദ്ധമാകുന്നില്ലെങ്കിൽ അവിടേക്കു സൈനിക നീക്കം നടത്തുമെന്നു യു.എസ്. മുന്നറിയിപ്പു നല്കി.

**29.** കമ്യൂണിസ്റ്റു രാജ്യമായ ഉത്തര കൊറിയയുടെ നേതാവു കിം ഇൽ ജോങ്ങിന്റെ (68) ഇളയ മകൻ കിം ജോങ് അണിനു നാലു നക്ഷത്ര ചിഹ്നങ്ങളുള്ള സൈനിക ജനറൽ ആയി സ്ഥാനക്കയറ്റം നല്കി.



- ജനാധിപത്യത്തെക്കുറിച്ചും മനുഷ്യാവകാശങ്ങളെക്കുറിച്ചും ഇന്ത്യയെ പഠിപ്പിക്കാൻ പാക്കിസ്ഥാൻ മുതിരേണ്ടെന്നു വിദേശകാര്യമന്ത്രി എസ്.എം. കൃഷ്ണ യു.എൻ. പൊതുസഭയിൽ പാക്ക് വിദേശകാര്യമന്ത്രി ഷാ മഹ്മൂദ് ഖുറേഷിയുടെ പരാമർശങ്ങൾക്കുള്ള മറുപടിയായി പറഞ്ഞു.



**30.** ആണവ നിരായുധീകരണത്തിനു വേണ്ടി ശബ്ദമുയർത്തിയ നൊബേൽ ശാസ്ത്രജ്ഞൻ ജോർജസ് ചർപക് (86) അന്തരിച്ചു

- പാക്കിസ്ഥാന്റെ മുൻ പട്ടാളഭരണാധികാരി പർവേസ് മുഷറഫ്, ഓൾ പാക്കിസ്ഥാൻ മിസ്ലീം ലീഗ് എന്ന പുതിയപാർട്ടി രൂപീകരിച്ചതായി ലണ്ടനിൽ പ്രഖ്യാപിച്ചു.

**1.** നൈജീരിയയുടെ അമ്പതാം സ്വാതന്ത്ര്യദിനത്തിൽ തലസ്ഥാനമായ അബുജയിലുണ്ടായ ബോംബുസ്ഫോടനത്തിൽ എട്ടുമരണം.

- ആളില്ലാത്ത രണ്ടാമത്തെ ചന്ദ്രപര്യവേഷണ വാഹനം ചെയ്ഞ്ച് -11 ചൈന വിജയകരമായി വിക്ഷേപിച്ചു.

***** *****

●വാല്യം 4 ●ലക്കം 4
13 ഒക്ടോബർ 2010
ഒരു കോപ്പി വില - 7.00
വാർഷിക വരിസംഖ്യ - 300

Pratichaya
NEWS WEEKLY
Email : pratichaya@gmail.com Website: www.pratichaya.com

Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

# ഇടതുസർക്കാർ പഞ്ചായത്തുരാജ് സംവിധാനം അട്ടിമറിച്ചു: കെ.എം.മാണി

(സെപ്റ്റംബർ 29നു കോട്ടയത്തു നടത്തിയ വാർത്താ സമ്മേളനം)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുകൾ കാലാവധിക്കു മുൻപു നടത്തണമെന്നും നിർദിഷ്ട കാലാവധി പൂർത്തിയാകുന്ന മുറയ്ക്കു തെരഞ്ഞെടുക്കപ്പെട്ട സമിതികൾ നിലവിൽ വരേണ്ടതാണെന്നുമാണു ഭരണഘടന 243 അനുച്ഛേദത്തിൽ പ്രതിപാദിക്കുന്നത്. കേരളത്തിൽ നിയമപ്രകാരം 2010 ഒക്ടോബർ 2-ാം തീയതിയ്ക്കു മുൻപു ത്രിതല പഞ്ചായത്തുകമ്മിറ്റികൾ നിലവിൽ വരേണ്ടതാണ്. എന്നാൽ സംസ്ഥാന ഗവൺമെണ്ടിന്റെ കെടുകാര്യസ്ഥതമൂലം അതിനു സാധിക്കാതെ വന്നിരിക്കുന്നു. ഹൈക്കോടതി പോലും സംസ്ഥാന സർക്കാരിന്റെ ഈ വീഴ്ചയെ കുറ്റപ്പെടുത്തിയിട്ടുള്ളതാണ്. ഓരോ സെൻസസ് കഴിയുമ്പോൾ മാത്രമേ ജനസംഖ്യാടിസ്ഥാനത്തിൽ വാർഡു വിഭജനം ആവശ്യമുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ മുമ്പു വിഭജിക്കപ്പെട്ടിരുന്ന വാർഡുകൾ വീണ്ടും പുനഃസംഘടപ്പിക്കേണ്ട ആവശ്യമില്ലാതിരിക്കെ തങ്ങൾക്ക് അനുകൂലമായി വാർഡുകൾ തിരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ പുതിയ വോട്ടർപട്ടിക തയ്യാറാക്കുന്നതിനും ഇടതുപക്ഷ മുന്നണി നടത്തിയ കുത്സിതശ്രമങ്ങളാണ് ഈ ഗതികേടിൽ സംസ്ഥാനത്തെ എത്തിച്ചത്. ഇത്തരം പ്രവണത തെറ്റാണെന്ന് മുമ്പ് ഒരു കേസിൽ സുപ്രീംകോടതിപോലും ചൂണ്ടിക്കാട്ടിയിട്ടുള്ളതാണ്.

അധികാരവികേന്ദ്രീകരണവും പഞ്ചായത്തുരാജ് സംവിധാനവും നടപ്പിലാക്കുന്നതിനുവേണ്ടി രാജീവ്ഗാന്ധി കൊണ്ടു വന്ന ഭരണഘടനാ ഭേദഗതി നിയമത്തെ രാജ്യസഭയിൽ അട്ടിമറിച്ചത് ഇടതുപക്ഷ എം.പിമാരാണ്. അതിനെ എതിർത്തു തോല്പിച്ചതിൽ കുറ്റബോധമില്ലായെന്നുള്ള തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി പാലോളി മുഹമ്മദുകുട്ടിയുടെ പ്രസ്താവന വിചിത്രമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്, കൺട്രോളർ ആന്റ് ഓഡിറ്റർ ജനറലിനു നല്കിയതും തെരഞ്ഞെടുപ്പ് നടത്തിപ്പിന്റെ ചുമതല കേന്ദ്ര ഇലക്ഷൻ കമ്മീഷന് നല്കിയതുമാണ് പ്രധാന ആക്ഷേപമായി അവർ അന്ന് ഉയർത്തിക്കാണിച്ചത്. എന്നാൽ കേരളത്തിൽ യുഡിഎഫ് കൊണ്ടുവന്ന പഞ്ചായത്ത്രാജ് നിയമത്തിൽ വരുത്തേണ്ട ഭേദഗതികളെപ്പറ്റി പഠിച്ചു റിപ്പോർട്ടു ചെയ്യാൻ 1996ൽ ഇടതുപക്ഷ സർക്കാർ നിയോഗിച്ച സെൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പഞ്ചായത്തുകളുടെ ഓഡിറ്റ്, കൺട്രോളർ ജനറലിനു നല്കേണ്ടതാണെന്നുള്ള അഭിപ്രായം അവരുടെ നിലപാട് തെറ്റായിരുന്നു എന്നതിന്റെ തെളിവാണ്. രാജ്യസഭയിൽ ഒറ്റയ്ക്ക് ഭൂരിപക്ഷമില്ലമില്ലാതിരുന്നതുകൊണ്ട് കോൺഗ്രസ്സിന് ഇടതുപക്ഷത്തെ ആശ്രയിക്കേണ്ടി വന്ന സാഹചര്യത്തിലാണ് നരസിംഹറാവുവിന് ബില്ലിൽ വെള്ളം ചേർക്കേണ്ടി വന്നത്. തെരഞ്ഞെടുപ്പു ചുമതല കേന്ദ്ര ഇലക്ഷൻ കമ്മീഷനു നല്കിയിരുന്നെങ്കിൽ കേരളത്തിലുണ്ടായിട്ടുള്ള സ്ഥിതിവിശേഷം ഒഴിവാക്കാൻ കഴിയുമായിരുന്നു.



## മദ്യം

മദ്യവില്പന ഘട്ടംഘട്ടമായി കുറച്ചു കൊണ്ടുവരുന്നതിന്റെ ഭാഗമായി മദ്യഷാപ്പുകൾ നിരോധിക്കുവാനുള്ള അധികാരം യു.ഡി.എഫ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കിയിരുന്നു. ഇത് 1999ൽ എൽ.ഡി.എഫ് സർക്കാരിൽ എക്സൈസ് വകുപ്പു മന്ത്രിയായിരുന്ന ശിവദാസമേനോന്റെ ഒരു വാക്കാൽ ഭേദഗതി വഴി പഞ്ചായത്ത് നഗരപാലിക നിയമത്തിൽ നിന്ന് എടുത്തു കളഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്.സർക്കാർ കള്ളിന്റെ ലഭ്യത അനുസരിച്ച് കള്ളുഷാപ്പിന്റെ എണ്ണം കുറച്ചപ്പോൾ എൽ.ഡി.എഫ്.സർക്കാർ കൂടുതൽ ഷാപ്പുകൾ അനുവദിക്കുകയാണ് ഉണ്ടായത്. 1999ലും 2010ലും എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്താണ് കേരളത്തിൽ മദ്യദുരന്തം ഉണ്ടായത്.

## ലോട്ടറി

അന്യസംസ്ഥാന ലോട്ടറികളുടെ കാര്യത്തിൽ വമ്പിച്ച കുംഭകോണമാണ് സംസ്ഥാനത്തു നടത്തിയിട്ടുള്ളത്. ലോട്ടറിയിൽ 5000 കോടി രൂപ നികുതി കുടിശ്ശികയുണ്ടെന്ന് ആരോപിച്ചവർ അധികാരത്തിൽ വന്നപ്പോൾ ഒരു പൈസപോലും ഈടാക്കിയില്ലെന്നു മാത്രമല്ല ലോട്ടറി രാജാവ് സാന്റിയാഗോ മാർട്ടിനിൽ നിന്ന് രണ്ടുകോടി രൂപയുടെ ബോണ്ടു വാങ്ങി അനധികൃത ലോട്ടറി നടത്തിപ്പിന് കൂട്ടുനില്ക്കുകയാണ് ചെയ്തത്. അന്യസംസ്ഥാന അനധികൃത ലോട്ടറികൾ നിരോധിക്കുവാൻ കേന്ദ്രസർക്കാരിനേ അധികാരമുള്ളു എന്ന വാദമാണ് കേരള ധനമന്ത്രി ഉയർത്തിയത്. കേന്ദ്ര ലോട്ടറി നിയമവ്യവസ്ഥകൾ ലംഘിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാനത്തിന് അധികാരമുണ്ടെന്ന് സുപ്രീം കോടതി വ്യക്തമാക്കിയിട്ടും സാന്റിയാഗോ മാർട്ടിനെതിരെ ക്രിമിനൽ നടപടികൾ യാതൊന്നും സ്വീകരിക്കുകയുണ്ടായില്ല. ലോട്ടറി വെട്ടിപ്പിനെതിരെ ഐ.പി.സി. അനുസരിച്ച് കേസ്സ് എടുക്കുവാൻ സംസ്ഥാനത്തിന് അധികാരമുണ്ടായിരിക്കെ സംസ്ഥാന സർക്കാർ അതുപോലും ചെയ്യുകയുണ്ടായില്ല.

## എ.ഡി.ബി. വായ്പ

യു.ഡി.എഫ്. സർക്കാർ നഗരസഭകളിലെ വികസനത്തിന് സുസ്ഥിര വികസനപദ്ധതികൾ ആവിഷ്ക്കരിച്ച് എ.ഡി.ബി. വായ്പയ്ക്ക് അപേക്ഷിച്ചപ്പോൾ അതിനെ നഖശിഖാന്തം എതിർത്തവരാണ് എൽ.ഡി.എഫ്. എന്നാൽ അവരുടെ ഭരണകാലത്ത് എ.ഡി.ബി.വായ്പ എടുക്കുന്നതിന് യാതൊരു ഉളുപ്പും കാണിച്ചില്ല. പക്ഷേ, എടുത്ത വായ്പ ചപ്പുചവറ് സംസ്ക്കരണത്തിന് പ്ലാന്റ് സ്ഥാപിക്കുന്നതിനോ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനോ ഡ്രെയിനേജ് സ്ഥാപിക്കുന്നതിനോ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോ ഉപയോഗിക്കാതെ വകമാറ്റി ചെലവു ചെയ്യുകയാണ് ഉണ്ടായത്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കേണ്ട എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനത്തിന്റെ കെടുകാര്യസ്ഥത മൂലം അവതാളത്തിലായിരിക്കുകയാണ്. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി അനുസരിച്ച് 100 ദിവസം തൊഴിൽ നല്കുവാനുള്ള കേന്ദ്രഫണ്ട് നാമമാത്രമായി മാത്രമേ ഉപയോഗിച്ചുള്ളൂ. 2007-2008ൽ 22 ദിവസവും 2008-2009ൽ 32 ദിവസവും 2009-2010ൽ 34 ദിവസവും മാത്രമാണ് തൊഴിൽ നല്കുവാൻ സാധിച്ചത്. ബാക്കി ഫണ്ട് മുഴുവനും ലാപ്സായി.

പാവപ്പെട്ടവർക്ക് വീടു നല്കുന്ന ഇന്ദിര ആവാസ് യോജന അനുസരിച്ച് ലഭിച്ച കേന്ദ്രവിഹിതം ഇ.എം.എസ്. ഭവനപദ്ധതിയിൽ വകമാറ്റി ചെലവു ചെയ്തു. ഇ.എം.എസ് ഭവനപദ്ധതിക്കായി സംസ്ഥാനം അയ്യായിരം കോടി രൂപ വായ്പ എടുക്കുമെന്നും 2010ഓടുകൂടി സംസ്ഥാനത്ത് അമ്പതിനായിരം വീടുകൾ പൂർത്തീകരിക്കുമെന്നും പ്രഖ്യാപനം നടത്തിയതല്ലാതെ മുഴുവൻ തുക വായ്പ എടുക്കുവാനോ പ്രഖ്യാപിച്ച വീടുകൾ മുഴുവനും പൂർത്തീകരിക്കാനോ സാധിച്ചില്ല.

ആറുമുതൽ പതിനാലുവരെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം ഉറപ്പാക്കുന്ന സർവ്വശിക്ഷാ അഭിയാൻ പദ്ധതിക്ക് ധനകാര്യ കമ്മീഷൻ അനുവദിച്ച തുകപോലും ചിലവഴിക്കുവാൻ തയ്യാറായില്ല. ഇതിലേക്ക് ആവശ്യമായ പദ്ധതികൾ നല്കാതെയുള്ള സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥത മൂലംക്കു ലഭിച്ചില്ല.

സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയും, മറ്റു സ്വകാര്യ ആശുപത്രികളിൽ ഇൻഷുറൻസ് പരിരക്ഷ വഴി യുഡിഎഫ് സർക്കാർ ബി.പി.എല്ലുകാർക്ക് സൗജന്യ ചികിത്സയും നല്കിയപ്പോൾ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ എൽ.ഡി.എഫ്, സർക്കാർ ആശുപത്രികളിൽ മാത്രമാക്കി ഒതുക്കി അതിന് അവരിൽ നിന്ന് 30 രൂപ ഈടാക്കുന്നു.

## കാർഷികമേഖല

നെല്ലിന്റെ സംഭരണ വില 7 രൂപയിൽ നിന്ന് 11 രൂപയാക്കി വർദ്ധിപ്പിച്ചത് വലിയ കാര്യമായി എൽ.ഡി.എഫ്. കൊട്ടിഘോഷിക്കുന്നതിൽ അർത്ഥമില്ല. കാരണം യു.ഡി.എഫ്. നെല്ലു സംഭരണത്തിന് 7 രൂപ നല്കിയപ്പോൾ കമ്പോളത്തിൽ അരിയുടെ വില കിലോയ്ക്ക് 9 രൂപയും 10 രൂപയും ആയിരുന്നു. ഇപ്പോൾ അരി കേരളത്തിലെ കമ്പോളങ്ങളിൽ ലഭ്യമാകണമെങ്കിൽ 25 രൂപ നല്കണം. അങ്ങനെയെങ്കിൽ ഇപ്പോൾ 17 രൂപയെങ്കിലും നെല്ലിന് സംഭരണവില കിട്ടണം.

കാർഷിക കടങ്ങൾ മുഴുവൻ കർഷകർക്ക് ഒഴിവാക്കിക്കൊടുത്തത് കേന്ദ്ര സർക്കാരാണ്. കേരളത്തിലെ കാർഷിക കടാശ്വാസ കമ്മീഷന്റെ മുമ്പിൽ ഫയൽ ചെയ്ത പരാതികളിൽ നാമമാത്രമായ പരാതികളേ തീർപ്പാക്കിയുള്ളൂ. ലക്ഷക്കണക്കിന് പരാതികൾ ഇപ്പോഴും കമ്മീഷന്റെ മുമ്പിൽ തീർപ്പാക്കാതെ കിടക്കുന്നു.

## വിദ്യാഭ്യാസമേഖല

സർക്കാരിന്റെ സ്വാശ്രയനിയമം കോടതി റദ്ദാക്കിയതോടെ പകരം നിയമം കൊണ്ടുവന്നില്ല. അത് അന്യസംസ്ഥാനത്തുള്ള സ്വാശ്രയകോളജുകൾക്ക് സഹായകമായി. ഉന്നതവിദ്യാഭ്യാസ സമിതിയിൽ സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികൾക്ക് പ്രാതിനിധ്യം നല്കാത്തതും പ്രശ്നങ്ങൾ സൃഷ്ടിച്ചു.

## ഇടതുപക്ഷ സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം അനിശ്ചിതത്വത്തിലായ പദ്ധതികൾ

### സ്മാർട്സിറ്റി പദ്ധതി

വർഷംതോറും ഒരു ലക്ഷം പേർക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നല്കുമെന്ന് കൊട്ടിഘോഷിച്ച സ്മാർട്സിറ്റി പദ്ധതി തുടങ്ങാൻ പോലും സാധിച്ചില്ല.

### വിഴിഞ്ഞംപദ്ധതി

കേന്ദ്രാനുമിതി കിട്ടിയിട്ട് നാലു വർഷമായെങ്കിലും ആഗോള ടെൻഡർ വിളിച്ച് പദ്ധതി തുടങ്ങുന്നതിന് സാധിച്ചില്ല. അടിസ്ഥാനസൗകര്യംപോലും ഒരുക്കുന്നതിനു കഴിഞ്ഞില്ല.

### കുട്ടനാട് പാക്കേജ്

കേന്ദ്രാവിഷ്കൃതമായ ഈ പദ്ധതി 2008ൽ പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും ഇതിനാവശ്യമായ പ്രോജക്ട് കേന്ദ്രത്തിന് നല്കുന്നതിൽ കേരള സർക്കാർ പരാജയപ്പെട്ടു. തന്മൂലം ഇപ്പോൾ കേന്ദ്രം നേരിട്ടു നടപ്പാക്കുവാൻ സമ്മതിച്ചിരിക്കുകയാണ്.

ഇടുക്കി പാക്കേജിനായി കേന്ദ്രാനുമതി ലഭിച്ചെങ്കിലും ഇതുവരെ തുടങ്ങാനായിട്ടില്ല. ദേശീയ പാത വീതി കൂട്ടുന്നതിനായി കേന്ദ്രം അനുവദിച്ച 3053 കോടി രൂപ സംസ്ഥാനസർക്കാർ ഉചിതമായ തീരുമാനമെടുക്കാത്തതിനാൽ ചിലവിടാൻ സാധിച്ചില്ല. അതുപോലെ കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ വികസനത്തിനായി കേന്ദ്രം അനുവദിച്ച 124 കോടി രൂപയും സംസ്ഥാനസർക്കാരിന്റെ പിടിപ്പുകേടുമൂലം പാഴായി. എം.സി. റോഡിന്റെയും തലസ്ഥാനനഗരവികസനത്തിന്റെയും പദ്ധതികൾ 2007ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. 120 കോടി രൂപ അധികം ചെലവു ചെയ്തിട്ടും നാളിതുവരെ പൂർത്തീകരിക്കാൻ കേരള സർക്കാരിനു കഴിഞ്ഞിട്ടില്ല.

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.